ധനകാര്യം

## 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.

മി. സ്പീക്കർ: 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അവസാന ബാച്ച് ഉപധനാഭ്യർത്ഥനകൾ, താഴെപ്പറയുന്ന മന്ത്രിമാർ ലിസ്റ്റിൽ കൊടുത്തിട്ടുള്ള ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച പ്രമേയങ്ങൾ അവതരിപ്പിക്കേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,52,19,000 രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,19,000 രൂപയുടെയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,00,00,000 രൂപയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,62,46,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,00,000 രൂപയുടെയും ജില്ലാ

ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,30,62,000 രൂപയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,45,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,96,60,000 രൂപയുടെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 157,60,51,000 രൂപയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 150,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 67,29,00,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,66,50,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കു വേണ്ടി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200,28,75,000 രൂപയുടെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,31,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1163,02,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർധനാഭ്യർത്ഥനയുടെ പേരിൽ 31,74,95,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരം എന്ന XVII-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 276,89,43,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,99,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 75,60,83,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,00,000 രൂപയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,20,04,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 111,86,92,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 441,07,18,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വനം എന്ന XXXIV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിലുള്ള 4,000 രൂപയുടെ ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലുള്ള 47,28,23,000 രൂപയുടെ ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലുള്ള 110,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 526,18,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലുള്ള 138,13,09,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വൈദ്യുത പദ്ധതികൾ

എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലുള്ള 44,84,18,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയങ്ങളെ പിന്താങ്ങേണ്ടതാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, 2015-2016 -ലെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റ്സിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച പ്രമേയത്തെ പിന്താങ്ങുകയാണ്. പ്രതിപക്ഷം ഇത്തവണ സഭയിൽ ചർച്ചയ്ക്ക് ഒരുക്കമല്ല. അവർ ചർച്ചയിൽ നിന്ന് ഒളിച്ചോടുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിനുള്ള ചർച്ചയിൽ നിന്ന് അവർ ബോധപൂർവ്വം മാറി നടക്കുകയാണ്. ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ ഒന്നൊന്നായി മുഴുവൻ പാലിച്ച ഒരു സർക്കാരാണ് ഈ സഭയിൽ ഗവർണ്ണറെക്കൊണ്ട് നയപ്രഖ്യാപനവും ബഡ്ജറ്റും സപ്ലിമെന്ററി ഡിമാന്റ്സുമൊക്കെ അവതരിപ്പിക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റിനെക്കുറിച്ചുള്ള വിലയിരുത്തലിൽ ഇടപെടാൻ അവർക്ക് താൽപ്പര്യമില്ല. എന്തുകൊണ്ടാണ് എൽ.ഡി.എഫ്. ഒളിച്ചോടുന്നത്? ഇത്രയും ദിവസമായി സഭ തുടങ്ങിയെങ്കിലും ഏതെങ്കിലും ഒരു ദിവസം ജനങ്ങളെ ബാധിക്കുന്ന ഒരു

പ്രശ്നത്തെക്കുറിച്ച് ഒരു റൂൾ 50 കൊണ്ടുവരാൻ ഇവർക്ക് കഴിഞ്ഞോ? അവർ അപവാദങ്ങൾ അടങ്ങുന്ന റൂൾ 50 ആണ് കൊണ്ടുവരുന്നത്. ഒന്നുകിൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന സംഭവങ്ങൾ അല്ലെങ്കിൽ ചില വെളിപ്പെടുത്തലുകൾ, അങ്ങനെ സ്കാന്റലസായിട്ടുള്ള കാര്യങ്ങൾ സഭയിൽ കൊണ്ടുവന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള അടവുകൾ എല്ലാം പരാജയപ്പെട്ടപ്പോൾ ഇപ്പോൾ ചർച്ചയിൽ നിന്നും ഒളിച്ചോടുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. ഗവർണ്ണർമാർ സാധാരണ ഗതിയിൽ അധികം പ്രസംഗിക്കാറില്ല. പക്ഷേ നമ്മുടെ ഗവർണ്ണർ ഇത്തവണ ചരിത്രത്തിൽ, ഏറ്റവും വലിയ റെക്കോർഡ് പ്രസംഗം നടത്തിയ നയപ്രഖ്യാപനം, ഈ ഗവൺമെന്റിനെക്കുറിച്ചുള്ള 5 വർഷക്കാലത്തെ വിലയിരുത്തൽ അദ്ദേഹം ആസ്വദിച്ചാണ് ഈ സഭയിൽ പ്രഖ്യാപിച്ചത്. അത് കേട്ടിരിക്കാനുള്ള സാമാന്യ മര്യാദപോലും പ്രതിപക്ഷം കാണിച്ചില്ല. അവരിൽ നിന്നും ഇതിൽക്കൂടുതലൊന്നും പ്രതീക്ഷിക്കേണ്ട കാര്യമില്ല. കാരണം, എൽ.ഡി.എഫ്. ഭരിച്ചപ്പോഴൊക്കെ നെഗറ്റീവായ ഭരണമാണ് കാഴ്ചവച്ചത്. കേരളത്തിന്റെ വികസനത്തിൽ ഏതെങ്കിലും വലിയ സംഭാവന നൽകാൻ എൽ.ഡി.എഫ്.-ന് കഴിഞ്ഞിട്ടില്ല. പക്ഷേ യു.ഡി.എഫ്-ന്റെ ഭരണകാലത്ത്, അത് ലീഡറുടെ ഭരണകാലത്തായാലും ആന്റണിയുടെ ഭരണകാലത്തായാലും

ഇപ്പോഴുമൊക്കെ എടുത്തുപറയത്തക്ക വികസനങ്ങൾ കാണിച്ചുകൊണ്ടാണ് യു.ഡി.എഫ്. മുന്നോട്ടുപോകുന്നത്. റൂൾ 300 പ്രകാരം, മലബാറിന്റെ സ്വപ്നമായ കണ്ണൂർ വിമാനത്താവളത്തിൽ ഈ മാസം 29-ാം തീയതി വിമാനമിറങ്ങുന്നുവെന്നുള്ള ശുഭ വാർത്ത കേൾക്കാൻ പോലും അവർക്ക് താൽപ്പര്യമില്ല. എന്തുകൊണ്ടെന്നാൽ, അവരുടെ ചെവികളൊക്കെ അടയ്ക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, ഈ ഗവൺമെന്റിന്റെ നല്ല കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അതൊക്കെ കേൾക്കാൻ അവർക്ക് ബുദ്ധിമുട്ടുണ്ട്. അവർ എല്ലാ കാലത്തും, തെരഞ്ഞെടുപ്പുകാലത്ത് എന്തെങ്കിലും പ്രശ്നങ്ങൾ സഭയിൽ കൊണ്ടുവരും. 1977-ൽ അടിയന്തരാവസ്ഥയുടെ നെഗറ്റീവ് പറഞ്ഞാണ് അവർ വോട്ട് പിടിച്ചത്. അന്ന് ജനതാ പാർട്ടി എന്ന് പറയുന്ന ബി.ജെ.പി.യും ആർ.എസ്.എസ്.-ഉം ഉൾപ്പെടുന്ന അന്നത്തെ ജനസംഘ് ഉൾപ്പെടെയുള്ളവരുമായി കൂട്ടുചേർന്ന് കേരളത്തിൽ മത്സരിച്ചിട്ടുപോലും അവർ പച്ച തൊട്ടില്ല. അന്നും അവർക്ക് പാർലമെന്റിലേയ്ക്ക് വരാൻ സാധിച്ചില്ല. 1987-ൽ ഇ.എം.എസ്. ഉയർത്തിയ മുദ്രാവാക്യം എന്താണ്? അന്ന് തങ്കമണി സംഭവം പ്രമുഖ വിഷയമായി സഭയിൽ കൊണ്ടുവന്നു. കൂടാതെ 'മുക്രിക്കും മുല്ലയ്ക്കും സർക്കാർ പെൻഷൻ' എന്നുപറഞ്ഞാണ് അന്ന് ഇ.എം.എസ്., എൽ.ഡി.എഫ്. മുദ്രാവാക്യം കൊണ്ടുവന്നത്. എല്ലാക്കാലത്തും ഇക്കിളിപ്പെടുത്തുന്ന

സംഭവങ്ങളും അതോടൊപ്പം അല്പം വർഗ്ഗീയതയും ചേർത്താണ് ഇവർ ഇലക്ഷൻ സമയത്ത് പ്രചരണം നടത്തുന്നത്. 1996-ൽ സൂര്യനെല്ലി, കൂടാതെ ഐസ്ക്രീം കേസ് ഇതൊക്കെയാണ് അവരുടെ പ്രമുഖ വിഷയങ്ങൾ. എല്ലാക്കാലത്തും ഇക്കിളിപ്പെടുത്തുന്ന സംഭവങ്ങൾ കാണിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാമെന്നുള്ള വ്യാമോഹം ഇത്തവണ നടക്കാൻ പോകുന്നില്ലെന്ന് അവർക്ക് മനസ്സിലായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ജനങ്ങൾ ഈ ഗവൺമെന്റിനെ വിലയിരുത്തിയിരിക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം കുട്ടികൾക്കിടയിൽ കാണപ്പെടുന്ന ക്യാൻസറിന് സർക്കാർ സൗജന്യ ചികിത്സയ്ക്ക് പുറമെ, സർക്കാർ ഉദ്യോഗസ്ഥന്മാർ സ്വമേധയാ നൽകുന്ന ഫണ്ടുപയോഗിച്ച് ഒരു വർഷം 5000 രൂപവരെയെങ്കിലും അങ്ങനെയുള്ള കുട്ടികൾക്ക് ചികിത്സാ ധനസഹായം കൊടുക്കുന്ന, എല്ലാവരേയും അത്ഭുതപ്പെടുത്തുന്ന ഒരു പദ്ധതിപോലും നടപ്പാക്കിയ ഈ ഗവൺമെന്റിനെതിരായി പ്രസംഗിക്കാൻ അവർക്ക് സാധ്യമല്ല. അതുകൊണ്ട് അവർ ഒളിച്ചോടുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇത് ആഗോള കത്തോലിക്കാ സഭയ്ക്ക് 'mercy of the year' ആണ്. കരുണയുടെ വർഷമാണ്. എന്താണ് കരുണ? മനസ്സിൽ ആർദ്രഭാവവും മറ്റുള്ളവരോട് ക്ഷമിക്കാനുള്ള ഒരു മനസ്സും ആവശ്യമാണ്.

പ്രതിപക്ഷത്തിരിക്കുന്നവരിൽ ആർക്കെങ്കിലും ഇങ്ങനെയുള്ള മനസ്സുണ്ടോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പോപ്പ് ക്യൂബയിലാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, അത് വലിയ മനസ്സാണ്. ഇന്ന് കരുണയുടെ വർഷത്തിൽ ക്ഷമിക്കാനുള്ള ഒരു മനസ്സ് അവർക്ക് ഉണ്ടായോ? ഈയിടെ നമ്മുടെ പ്രതിപക്ഷ നേതാവ് ബൈബിൾ വായിക്കാറുണ്ട്. ബൈബിളിൽ രണ്ട് പാർട്ടുണ്ട്. ഒന്ന് പഴയ നിയമവും പുതിയ നിയമവും. അദ്ദേഹം ഇവിടെ ഉദ്ധരിച്ചതു മുഴുവൻ പുതിയ നിയമമാണ്. പഴയ നിയമത്തിൽ കരുണയെക്കുറിച്ച് പറയുന്നുണ്ട്. ഇസഹാക്കിന് രണ്ടു മക്കളായിരുന്നു. യേശാവും യാക്കോബും. അന്ധനായ വയസ്സായി കണ്ണിന് കാഴ്ച നഷ്ടപ്പെട്ട ഇസഹാക്കിന്റെ അനുഗ്രഹം മേടിക്കാൻ യാക്കോബ് തെറ്റായ മാർഗ്ഗത്തിൽ ജ്യേഷ്ഠനെ കബളിപ്പിച്ച് അനുഗ്രഹം വാങ്ങുന്നു. അങ്ങനെ യേശാവ് ഇതറിഞ്ഞപ്പോൾ ബഹളമുണ്ടാക്കി കത്തിയെടുക്കാൻ തുടങ്ങിയപ്പോൾ യാക്കോബ് രക്ഷപ്പെടുകയാണ് ചെയ്തത്. യാക്കോബ് രക്ഷപ്പെട്ട് അമ്മവീട്ടിൽ പോയി താമസിച്ചു. അവരുടെ അമ്മാവന്റെ രണ്ടുമക്കളെയും വിവാഹം ചെയ്തു. വർഷങ്ങൾക്കുശേഷം യാക്കോബ് തിരിച്ചുവരുന്നു. യേശാവിനെ കാണാൻ

യാക്കോബിന് ഭയമാണ്. അതുകൊണ്ട് ആദ്യം അദ്ദേഹം കുട്ടികളെയും ഭാര്യമാരെയും അയച്ചു. അവസാനം യാക്കോബ് വളരെ വിഷമിച്ച്, പേടിച്ച് യേശാവിന്റെ അടുത്തേയ്ക്കുവരുന്നു. പക്ഷേ, പ്രതീക്ഷയ്ക്ക് വിരുദ്ധമായി യേശാവ് യാക്കോബിനെ കെട്ടിപ്പിടിച്ച് പറയുന്നു, അനിയാ ഞാൻ എത്രയോ നാൾ ഉറങ്ങാതെ നിന്നെ കാത്തിരുന്നിരിക്കുന്നു, എനിക്കുള്ള ദേഷ്യങ്ങൾ മുഴുവൻ തീർന്നിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ആലിംഗനം ചെയ്തപ്പോൾ യാക്കോബ് പറയുന്ന ഒരു വാചകമുണ്ട്. "ആ കണ്ണുകളിൽ ഞാൻ ദൈവത്തെ കണ്ടു" അതാണ് കരുണ. പ്രതിപക്ഷത്തുള്ള ആരുടെയെങ്കിലും മുഖത്തുനോക്കിയാൽ കരുണ കാണുമോ? അവരിൽ ദൈവത്തിനുപകരം സാത്താനെയാണ് കാണാൻ സാധിക്കുന്നത്. അല്ലെങ്കിൽ ലൂസിഫെറിനെയാണ് കാണാൻ സാധിക്കുന്നത്. അങ്ങനെയുള്ള കരുണയുടെ വർഷത്തിൽ ബൈബിൾ വായിക്കാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഈ കരുണയുടെ കാര്യം കൂടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒന്നു വായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്നലെ പത്രങ്ങളിൽവന്ന ഒരു വാർത്തയാണ്, ഇന്ത്യയിൽ ബദലിന് കേരളം വഴിതെളിക്കണമെന്ന് - യെച്ചൂരി. യെച്ചൂരി വീണ്ടും പറഞ്ഞിരിക്കുന്നു, ബി.ജെ.പി. യെ നേരിടണമെങ്കിൽ സി.പി.എം. നുമാത്രമേ

സാധിക്കുകയുള്ളൂ എന്ന്. ഡൽഹിയിലെ കേന്ദ്ര കമ്മിറ്റി ഓഫീസിൽ പട്ടാപ്പകൽ കരിവാരിതേച്ചിട്ടുപോലും ഒരു വിരലനക്കാൻ കഴിയാത്ത യെച്ചൂരിയാണ് കേരളത്തിൽ ആർ.എസ്.എസ്.-നെ കൈകാര്യം ചെയ്യുമെന്ന് പറയുന്നത്. ഇവർക്ക് എങ്ങനെ പറയാൻ സാധിക്കും? കോൺഗ്രസ്സില്ലാതെ ഇവർക്ക് ബംഗാളിൽ നിൽക്കാൻ നിവൃത്തിയില്ല. കോൺഗ്രസ്സിനെ ബംഗാളിൽ ഞങ്ങൾ കുഴിച്ചുമൂടി എന്നു പ്രഖ്യാപിച്ചവർ ഇപ്പോൾ കോൺഗ്രസ്സിന്റെ പുറകെനടന്ന്, സി.പി.ഐ.(എം) മാത്രമല്ല എൽ.ഡി.എഫ്. ഒരുമിച്ച് ആവശ്യപ്പെടുന്നത് ഞങ്ങളെ ഒരു കൈ തന്ന് സഹായിക്കണമെന്നാണ്. കോൺഗ്രസ്സിന് ഇപ്പോഴും ബംഗാളിൽ വേരുകളുണ്ട്. കോൺഗ്രസ് മുളപോലെയാണ്. മുള കിളിർക്കാൻ വളരെ സമയമെടുക്കും. കാരണം അതിന്റെവേരുകൾ വളരെ ആഴത്തിൽ പോയതിനുശേഷംമാത്രമേ അത് മുകളിലോട്ടുവരികയുള്ളൂ. പന്ത്രണ്ടും പതിമൂന്നും വർഷം കഴിഞ്ഞിട്ടാണ് മുള വെട്ടുന്നത്. വെട്ടിയാലും വീണ്ടും അത് കിളിർക്കുന്നത് ആഴത്തിലുള്ള വേരുകളുള്ളതുകൊണ്ടാണ്. അതുപോലെ ഇന്ത്യയിൽ ബംഗാളിലടക്കം എല്ലാ സംസ്ഥാനങ്ങളിലും ആഴത്തിലുള്ള വേരുകളുള്ള കോൺഗ്രസ്സിനുമാത്രമേ ബി.ജെ.പി.യെ എതിർക്കാൻ സാധിക്കുകയുള്ളൂ. 128 വർഷത്തെ പഴക്കമുള്ള പ്രസ്ഥാനമായ കോൺഗ്രസ്സിന് ഒരിക്കലും ഇന്ത്യയുടെ

മണ്ണിൽനിന്നും പോകാൻ സാധിക്കില്ല എന്നുമാത്രമേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. എനിക്ക് വേറൊരു കാര്യം ചോദിക്കാനുള്ളത്, മാർക്സിസ്റ്റ് പാർട്ടി നിയമത്തെയും കോടതിയേയും അംഗീകരിക്കുന്നുണ്ടോ എന്നാണ്? ഇവിടെ ശ്രീ. പി. ജയരാജനെതിരായി കോടതിയിൽ ജാമ്യാപേക്ഷ നൽകിയപ്പോൾ അദ്ദേഹം സറണ്ടർ ചെയ്തു. അങ്ങനെ സറണ്ടർ ചെയ്ത ശ്രീ. പി. ജയരാജനെ നിയമപരമായി സ്വകാര്യ ആശുപത്രിയിൽനിന്നും ഗവൺമെന്റ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ തടസ്സം പിടിക്കുകയാണ്. ബലമായി സർക്കാർ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോകാതിരിക്കാൻ എന്തിനാണ് ഭയപ്പെടുന്നത്? ഇപ്പോൾ ശ്രീ. ശശി തരൂരിനെ മൂന്നു പ്രാവശ്യം ചോദ്യം ചെയ്തു, അത് നമ്മൾ കണ്ടതാണ്. എന്തുകൊണ്ട് ശ്രീ. പി. ജയരാജൻ സി.ബി.ഐ.-യുടെ ചോദ്യംചെയ്യലിനെ ഭയപ്പെടുന്നു. അവർക്ക് ഒളിക്കാൻ ഒന്നുമില്ലെങ്കിൽ എന്തിനാണ് ഭയപ്പെടുന്നത്? നമ്മുടെ നാട്ടിലെ നിയമം അനുസരിക്കാൻ അവർക്ക് ബാധ്യതയില്ലേ? അതുകൊണ്ട് ക്രിമിനൽ സ്വഭാവമുള്ള മാർക്സിസ്റ്റുപാർട്ടി അവർ വിതച്ചത് കൊയ്യുന്നു എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഞാൻ അവർ കുറ്റം ചെയ്തു എന്നൊന്നും പറയുന്നില്ല. അതെല്ലാം കോടതി തീരുമാനിക്കും. പക്ഷെ കോടതി നിയമത്തിന്റെ സ്ക്രൂട്ടിണിയുടെ മുന്നിൽ

ഹാജരാകുവാനും അതുമായി സഹകരിക്കുവാനും ഇനിയെങ്കിലും മാർക്സിസ്റ്റ്/കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ തയ്യാറാകണ്ടേ? എല്ലാ കൊലപാതകങ്ങളും നടത്തിയതിനുശേഷം അതിനുപിറകിൽ ചരട് പിടിക്കുമ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കാൻ പാടില്ല എന്നുള്ള ആ പഴയ രീതി മാർക്സിസ്റ്റുപാർട്ടി ഇനിയെങ്കിലും ഉപേക്ഷിക്കണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. ഈ സർക്കാർ ചെയ്യുന്ന നല്ല കാര്യങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ നമുക്ക് സാധിക്കണം. ഏതായാലും ഒരു കാര്യം വ്യക്തമാണ്. ഐക്യജനാധിപത്യമുന്നണി ഒറ്റക്കെട്ടായി മുന്നോട്ട് നീങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് ചെയ്ത വികസന പ്രവർത്തനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിക്കുമെങ്കിൽ ഒരു സംശയവുമില്ല, വമ്പിച്ച ഭൂരിപക്ഷത്തിൽ യു.ഡി.എഫ്.--ന് തിരിച്ചുവരാൻ കഴിയുമെന്ന് ഉറച്ചു വിശ്വസിക്കാം. അതിന്റെ സൂചനയാണ് ചർച്ചകളിൽനിന്നും ഒളിച്ചോടി ഗവൺമെന്റിന്റെ നേട്ടങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാതിരിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. അതുകൊണ്ട് പ്രതിപക്ഷം നടത്തുന്ന ഈ നെഗറ്റീവായ രാഷ്ട്രീയത്തിൽ നിന്നും അവർ പിന്തിരിയണം എന്നുമാത്രം പറഞ്ഞുകൊണ്ടും ഇനിയും ഇവിടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള നൂറുനൂറ് കാര്യങ്ങൾ

നടപ്പാക്കിക്കൊണ്ട് ഒരിക്കൽക്കൂടി കേരളത്തിലെ ജനങ്ങളുടെ വിശ്വാസം ഏറ്റുവാങ്ങാൻ യു.ഡി.എഫ്.-ന് കഴിയുമെന്ന് വിശ്വസിച്ചുകൊണ്ട് നമുക്ക് വീണ്ടും തിരിച്ചുവരണം ജനങ്ങൾ ആഗ്രഹിക്കുന്നത് അതാണ്, അത് നടപ്പാകട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും ഞാൻ ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി</u> : സർ, കേരള നിയമസഭയുടെ അവസാനത്തെ സമ്മേളനത്തിൽ വളരെ പ്രധാനപ്പെട്ട ഈ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുക്കുന്നതിൽ കൃതാർത്ഥതയുണ്ട്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ജനപക്ഷത്തുനിന്നുകൊണ്ട് മനുഷ്യരുടെ അവശതകളും പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിനായി പ്രതിജ്ഞാബദ്ധമായ ഒരു സർക്കാരിന്റെ അഞ്ചുവർഷത്തെ രാഷ്ട്രീയത്തിലേയ്ക്ക്, ഭരണപരിഷ്കാരങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കുന്ന ഒരു സമയം കൂടിയാണ് ഇത്. അഭിമാനത്തോടെയാണ് ഈ സർക്കാർ അതിന്റെ കാലാവധി പൂർത്തിയാക്കുന്നതെന്നുള്ള കാര്യത്തിൽ അതിന്റെ നായകനായ, അഭിവന്ദ്യനായ മുഖ്യമന്ത്രിക്കും അദ്ദേഹത്തോടൊപ്പം

പ്രവർത്തിച്ച മന്ത്രിമാർക്കും അതിനെ പിന്തുണച്ച ഈ നാട്ടിലെ സകല ജനസഞ്ചയങ്ങൾക്കും അഭിമാനവും സംതൃപ്തിയുമുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. നിരവധി പ്രചണ്ഡമായ പ്രചാരണങ്ങൾ വന്നിട്ടും സർക്കാരിന്റെ കാര്യക്ഷമതയേയോ അതിന്റെ പ്രവർത്തന ശൈലിയേയോ ബാധിച്ചില്ല. അതിന്റെ കാരണം മനുഷ്യസ്നേഹപരമായ ഒരു രാഷ്ട്രീയത്തിന്റെ ഉള്ളടക്കം ഈ ഗവൺമെന്റിന്റെ നടപടികൾക്കുണ്ടായി എന്നുള്ളതാണ്. ആദരണീയനായ മുഖ്യമന്ത്രി തീർച്ചയായും അതിൽ ജനങ്ങളുടെ പ്രത്യേകമായ ആദരത്തിനും സ്നേഹത്തിനും പാത്രമായി എന്നുള്ളതും എടുത്തു പറയേണ്ടതുണ്ട്. സാധാരണ പറയാറുള്ളതുപോലെ, പാവങ്ങളുടെ പ്രാർത്ഥനയും ദൈവവും എന്നോടൊപ്പമുണ്ട് എന്നു പറയാൻ സാധിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻ ചാണ്ടി എന്നു പറയുന്നതിൽ ആർക്കും തർക്കമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ ആ കാര്യങ്ങളെക്കുറിച്ച് ദീർഘിപ്പിച്ച് സംസാരിക്കുന്നില്ല. അപവാദങ്ങളുടെ ബുൾഡോസറുകൾ വരുമ്പോൾ അതിൽ നിന്നൊക്കെ ഫീനിക്സ് പക്ഷിയെപ്പോലെ ഈ സർക്കാരും അതിന്റെ നായകനും ഉയർത്തെഴുന്നേറ്റ് പുതിയ രാഷ്ട്രീയ സാധ്യതകളുടെ വാതായനങ്ങൾ സമൂഹത്തിന് തുറന്നേകി എന്നുള്ളത് എല്ലാവർക്കും വളരെ ആശ്വാസവും അഭിമാനവും നൽകുന്ന

കാര്യമാണ്. അതോടൊപ്പം ഇതുപോലുള്ള ഒരു സമയത്ത് രാജ്യവ്യാപകമായി, ആഗോളവ്യാപകമായി തന്നെ നടക്കുന്ന പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. അത് യാതൊരു സംശയവുമില്ല, ഇപ്പോൾ വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയാണ്. അസഹിഷ്ണുത എന്ന പദം ഇന്ന് നമ്മുടെ നിത്യജീവിതത്തിലെ, നിഘണ്ടുവിലെ ഒഴിവാക്കാൻ കഴിയാത്ത ഒരു പദമായി മാറുന്നുവോ എന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. ഇത് വളരെ നിർഭാഗ്യകരമാണ്. ജീവിതത്തിന്റെ വിവിധ തലങ്ങളിൽ പൊതു ഇടങ്ങൾ നഷ്ടപ്പെടുകയും സാംസ്കാരിക വിനിമയങ്ങൾ ശിഥിലമായി തീരുകയും സാമൂഹിക ബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിക്കുകയും ചെയ്യുന്നു. ഇതിനിടയിൽ ഇതുപോലുള്ള ഒരു നിയമനിർമ്മാണ സഭയിലായാലും വേറെ എവിടെയായാലും, നമുക്ക് ഇന്ന് എടുക്കാനുള്ള പ്രതിജ്ഞ, നമ്മുടെ ബഹുസ്വരതയെ ശക്തിപ്പെടുത്തുക എന്നതായിരിക്കണം. ലോകത്താകെ, മദ്ധ്യപൗരസ്ത്യ ദേശത്ത് അക്രമങ്ങൾ, നമ്മുടെ രാജ്യത്ത് പല രീതിയിലുള്ള സാമൂഹിക സ്വാസ്ഥ്യത്തിനെതിരെയുള്ള ഭീഷണികൾ..... കഴിഞ്ഞ ദിവസങ്ങളിൽ ഒരു ദളിത് വിദ്യാർത്ഥിയുടെ ആത്മഹത്യയിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ, നാം കുഴിച്ചുമൂടിയ ജാതിയുടെ തിരിച്ചുവരവ്, എത്രമാത്രം ആശങ്കാജനകമാണ് നാം ചുറ്റുവട്ടത്തേയ്ക്ക് കണ്ണോടിക്കുമ്പോൾ കാണുന്ന

സ്ഥിതിവിശേഷം. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി - ഇന്ത്യയിലെ എന്നല്ല ലോകത്തിലെ തന്നെ ഏറ്റവും മികവുറ്റ സർവ്വകലാശാലകളിൽപ്പെട്ടതാണ് ജെ.എൻ.യു. ആ ക്യാമ്പസ്സിൽ ഞാനും കുറച്ചുകാലം വിദ്യാർത്ഥി ആയിരുന്ന ആളായിരുന്നു. അവിടെ പഠിച്ചുവെന്ന് ഓർക്കുന്നതുതന്നെ എനിക്ക് അഭിമാനമാണ്. അവിടെയും കലാപത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ, കോപത്തിന്റെ, രോഷത്തിന്റെ, വൈരൃത്തിന്റെ അത്രയും നല്ലൊരു ക്യാമ്പസ്സിനുമേൽപ്പോലും പതിക്കുന്നുവോ എന്നു നാം ആശങ്കപ്പെടുമ്പോൾ ഈ ബഹുസ്വരതയെ ശക്തിപ്പെടുത്തുകയല്ലാതെ എന്താണ് നമുക്ക് മുന്നിലുള്ള പോംവഴി? ഈ പ്രശ്നങ്ങളെ നാം എങ്ങനെയാണ് നേരിടാൻ പോകുന്നത്? ആ പരിഹാരത്തിന്റെ രാഷ്ട്രീയവും വളരെ പ്രധാനമാണ്. ഇന്നലെ അഭിവന്ദ്യനായ സി.പി.എം.-ന്റെ സെക്രട്ടറി, ശ്രീ. സീതാറാം യെച്ചൂരിയുടെ പ്രസംഗം ഞാൻ സശ്രദ്ധം ഞാൻ ടെലിവിഷനിൽ കേൾക്കുകയുണ്ടായി. രാജ്യത്ത് നടക്കുന്ന ചുറ്റുപാടുകളെക്കുറിച്ച് വളരെ സൂക്ഷ്മമായി അദ്ദേഹം അപഗ്രഥിക്കുന്നു, തർക്കമില്ല. ഞങ്ങൾ ഒരുമിച്ച് രാജ്യസഭയിൽ പ്രവർത്തിച്ചവരാണ്. അദ്ദേഹത്തിന്റെ പ്രതിബദ്ധതയുടെ രാഷ്ട്രീയമൊക്കെ രാജ്യവാസികൾക്ക് വളരെ ബോദ്ധ്യമുള്ളതാണ്. അദ്ദേഹം അടക്കമുള്ള ഇടതുപക്ഷ നേതാക്കന്മാർ ഇവിടെ

അവതരിപ്പിക്കുന്ന രാജ്യത്തിന്റെ ദു:സ്ഥിതി ഒരു ഘട്ടം. രണ്ടാം ഘട്ടം എന്താണ്? പരിഹാരമാണ്. ആ പരിഹാരം എന്താണ്? കഴിഞ്ഞ ദിവസം തുഞ്ചൻ സാഹിത്യോത്സവത്തിൽ മഹാത്മാ ഗാന്ധിയുടെ പേരമകനോടൊപ്പം പങ്കെടുക്കാൻ എനിക്ക് അവസരമുണ്ടായി - ശ്രീ. ഗോപാലകൃഷ്ണഗാന്ധി. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ ഞാൻ കേട്ട വാചകം ഒരുപക്ഷെ ഈ അടുത്ത കാലത്ത് രാഷ്ട്രീയക്കാരനല്ലാത്ത ഒരാളിൽനിന്നും കേട്ട ഏറ്റവും വലിയ രാഷ്ട്രീയപ്രസ്താവനയാണ്. എല്ലാ അഭിപ്രായവ്യത്യാസങ്ങളും മറന്ന് എല്ലാ മതേതര ചേരികളും ഒന്നിച്ചുനിൽക്കേണ്ടി വരുന്ന ഒരു കാലം വരുമെന്നുപറഞ്ഞുകൊണ്ടാണ് ശ്രീ. ഗോപാലകൃഷ്ണഗാന്ധി തന്റെ പ്രസംഗം മിനിഞ്ഞാന്ന് തുഞ്ചൻ സാഹിത്യോത്സവം ഉദ്ഘാടനം ചെയ്തുകൊണ്ട് അവസാനിപ്പിച്ചത്. ആ പാഠം വച്ചുകൊണ്ട് ഞാൻ പറയട്ടെ; ഈ ഇന്ത്യാരാജ്യത്ത് അതിനെക്കുറിച്ച് ചിന്തിക്കണ്ടേ? എനിക്ക് മുമ്പ് സംസാരിച്ച എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ഡൊമിനിക് പ്രസന്റേഷൻ സൂചിപ്പിച്ചതുപോലെ, തീർച്ചയായും അങ്ങനെയുള്ള ഒരു മതേതരചേരിയുടെ തലപ്പത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് അല്ലാതെ മറ്റ് ആരാണ് ഈ രാജ്യത്തുള്ളത്? അത് മനസ്സിലാക്കിക്കൊണ്ട് ആ പൊതുചേരിയെ, അതിന്റെ

സൂചനകളാണ് ബംഗാളിലും ഇടതുപക്ഷ സുഹൃത്തുക്കൾക്കും കാണാൻ സാധിക്കുന്നത്. ഒരുകാലത്ത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് വലിയ നഷ്ടമുണ്ടാക്കിക്കൊടുത്ത സംസ്ഥാനമാണ് ബംഗാൾ. ഇപ്പോൾ വലിയ നേട്ടമുണ്ടാക്കിക്കൊടുക്കുന്ന ഒരു പുറപ്പാടിലാണോ എന്ന് തോന്നുന്ന രീതിയിലാണ് ബംഗാളിൽനിന്ന് പുതിയ രാഷ്ട്രീയ സൂചനകൾ വന്നുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശാദാംശങ്ങളിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഒരു കാര്യമാണ് പറയാൻ ഉദ്ദേശിച്ചത്. അല്ലറചില്ലറ അഭിപ്രായ വ്യത്യാസങ്ങളെല്ലാം മാറ്റിവച്ച്,.. ഞാൻ ഏതെങ്കിലും ഒരു പാർട്ടിയെ കുറ്റപ്പെടുത്താനോ, ഒരു വിഭാഗത്തെ ആക്ഷേപിക്കാനോ അല്ല, പൊതുവായ അസഹിഷ്ണതയ്ക്കെതിരെ വിയോജിപ്പുകൾ അടിച്ചമർത്തുന്ന, വിയോജനങ്ങളെ എതിർക്കുന്ന, അതിനോട് അസ്കൃത കാട്ടുന്ന പ്രവണതകൾക്കെതിരെ എല്ലാവരും ഒരുമിച്ച്, ഒറ്റക്കെട്ടായി, ഒരു പൊതു മനസ്സോടെ നിലകൊള്ളേണ്ടതുണ്ട്.

ഒ.എൻ.വി. അടുത്ത ദിവസം നിര്യാണം പ്രാപിച്ചു. കേരളം വളരെ ദു:ഖത്തോടെ അദ്ദേഹത്തിന് യാത്രാമൊഴി നൽകി. അങ്ങനെയുള്ള കവികൾ,

എന്തായിരുന്നു അദ്ദേഹത്തിന്റെ കാവ്യസംസ്കൃതിയുടെ ഉള്ളടക്കം; ബഹുസ്വരത; പൊതു ഇടങ്ങൾ; ഇതുതന്നെയായിരുന്നു. ഇക്ബാൽ തന്റെ ഡയറികുറിപ്പിൽ ഒരു ദിവസം എഴുതിവച്ച ഒരു ഡയറികുറിപ്പുണ്ട്, 'Nations are borne in the hearts of poets and are spoiled in the hands of Politicians' എന്ന്. രാഷ്ട്രങ്ങൾ ജനിക്കുന്നത് കവി ഹൃദയങ്ങളിലാണ്, അത് തകർക്കപ്പെടുന്നത് രാഷ്ട്രീയക്കാരന്റെ കരങ്ങളിലുമാണ്. പെട്ടെന്ന് പ്രത്യക്ഷത്തിൽ കേട്ടാൽ അവിശ്വസനീയമായി തോന്നുന്ന പ്രസ്താവനയാണിത്. രാജ്യം കവിയുടെ ഹൃദയത്തിൽ ജനിക്കുമോ? യാതൊരു സംശയവുമില്ല. ഒ.എൻ.വി. അങ്ങനെയുള്ള ഒരു കവി ആയിരുന്നു. കേരളത്തെ ജനിപ്പിച്ച എന്നുപറഞ്ഞില്ലെങ്കിലും രൂപീകരിക്കുന്നതിൽ പങ്കുവഹിച്ച മഹാകവികളായിട്ടുള്ള, മഹാരഥന്മാരിൽപ്പെട്ട കവി. ഞാനിപ്പോൾ അദ്ദേഹത്തെ ഓർക്കുന്നത്, അദ്ദേഹത്തെപോലുള്ളവർ വിടപറഞ്ഞുപോകുമ്പോൾ ഈ ഉത്തരവാദിത്വം നമുക്ക് വർദ്ധിക്കുകയല്ലേ ചെയ്യുന്നത്? നമ്മുടെ പൊതു ഇടങ്ങളെ കൂടുതൽ പവിത്രമാക്കാനും വിശാലമാക്കാനും നമുക്ക് സാധിക്കണ്ടേ; മദ്ധ്യപൗരസ്ത്യദേശത്ത് മതത്തിന്റെ പേരിലും ഇസ്ലാമിന്റെ പേരിലും അക്രമങ്ങൾ നടത്തുന്നു. ഇസ്ലാം എന്ന വാക്കിന്റെ അർത്ഥം സമാധാനം എന്നാണ്.

ഒരുമതത്തിന്റെ പേരിലും ഭീകരവാദമോ മറ്റൊന്നോ കൂട്ടിച്ചേർക്കാൻ സാധിക്കില്ല. മദ്ധ്യപൗരസ്ത്യദേശത്തെ ഭീകരവാദികളുടെ ഏറ്റവും വലിയ ഇര ഇസ്ലാമും മുസ്ലീങ്ങളുംതന്നെയാണ്. ഇന്ന് ജീവിച്ചിരിക്കുന്ന ഇസ്ലാമിക പണ്ഡിതനെ - യൂസഫുൽ ഖർലാവിയെയാണ് അവർ ഒന്നാം നമ്പർ ശത്രുവായി പ്രഖ്യാപിച്ചിട്ടുള്ളത്. അദ്ദേഹത്തെ അവർ കപടൻ എന്നാണ് വിളിക്കുന്നത്. എന്താണ് ഇതിൽനിന്നും നമ്മൾ മാനസ്സിലാക്കേണ്ടത്? മതമല്ല; മതം വന്ന് രാഷ്ട്രീയത്തിൽ ഇടപെടുന്നതാണ് കുഴപ്പമെന്ന് ചിലപ്പോഴൊക്ക പറയാറുണ്ട്. ചരിത്രത്തെ സൂക്ഷിച്ച് പഠിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നത് വ്യത്യസ്തമായൊരു ചിത്രമാണ്. രാഷ്ട്രീയം വന്ന് മതത്തിൽ ഇടപെടുകയാണ്. അതാണ് ലോകചരിത്രത്തിൽ ഇന്നോളമുണ്ടായിട്ടുള്ള വർഗ്ഗീയപ്രശ്നങ്ങളുടെ മൂലഹേതു. ഭീകരവാദം, വർഗ്ഗീയത ഇവയൊക്കെ ഇതുമൂലം ഉണ്ടാകുന്നതാണ്. മതത്തെ മതമായി കണ്ടാൽ അത് ആർദ്രതയാണ്, സ്നേഹമാണ്, മാനവികതയാണ്, കാരുണ്യമാണ്, യേശുവിന്റെ മന്ദഹാസമാണ്, പ്രവാചക തിരുമേനിയുടെ കാരുണ്യമാണ്, ശ്രീരാമചന്ദ്രന്റെ പാദാരവിന്ദങ്ങളുടെ ത്യാഗസുരഭിലതയാണ്, ശ്രീകൃഷ്ണഭഗവാന്റെ ഗീതാമന്ത്രത്തിലെ സഹനത്തിന്റെ പ്രതിസ്പന്ദനമാണെന്ന് മനസ്സിലാകും. അതാണ് മതം. മതത്തെ മതമായി

കണ്ടാൽ ഇവിടെ ഒരു കുഴപ്പവുമില്ല. ആ മതത്തെ രാഷ്ട്രീയം ഹൈജാക്ക് ചെയ്യുന്നു; ആ മതത്തെ രാഷ്ട്രീയം ദുരുപയോഗപ്പെടുത്തുന്നു. അതിനെതിരെയാണ് ഇന്ന് പുതിയ ജാഗ്രത വേണ്ടത്. അതിന് അവർ ചരിത്രത്തെപ്പോലും ദുരുപയോഗപ്പെടുത്തുന്നു. ചരിത്രമാണ് ഇന്ന് ഏറ്റവും വലിയൊരു ആയുധം. ചന്ദ്രഗുപ്തമൗര്യൻ ഗുപ്തവംശത്തിൽപ്പെട്ട ആളാണെന്ന് ആ ചരിത്രത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ അടുത്ത കാലത്ത് ഒരു ഉത്തരവാദപ്പെട്ട മന്ത്രി പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം മൗര്യവംശത്തിൽപ്പെട്ട ആളാണ്. അതുപോലെ അലക്സാണ്ടർ ഗംഗയോളം വന്നു. അലക്സാണ്ടർ സത്‌ലജിൽനിന്നും മടങ്ങിപ്പോയതാണ്. തക്ഷശില ബീഹാറിലാണെന്ന് പ്രസംഗിച്ചു, അത് ഇന്ന് പാക്കിസ്ഥാനിൽ കിടക്കുന്ന സ്ഥലമാണ്. പറഞ്ഞ്, പറഞ്ഞ്, സർദാർ വല്ലഭായി പട്ടേലിന്റെ ശവസംസ്കാര ചടങ്ങിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പങ്കെടുത്തില്ലെന്നുവരെ പറയുകയുണ്ടായി. പക്ഷെ പിറ്റേദിവസം ടൈംസ് ഓഫ് ഇന്ത്യ, സർദാർ വല്ലഭായി പട്ടേലിന്റെ ശവസംസ്കാര ചടങ്ങിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പങ്കെടുക്കുന്ന ക്ലിപ്പിംഗ് സഹിതമുള്ള വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. നുണകൾക്കുമേൽ നുണകളെ എഴുന്നെള്ളിപ്പിച്ചുകൊണ്ടാണ് ലോകത്ത് എവിടെയും അസഹിഷ്ണുതകൾ

ഉണ്ടായിട്ടുള്ളത്. ആ അസഹിഷ്ണുതകൾക്കെതിരെയാണ് ഇന്ന് നാം പുതിയ ചെറുത്തുനിൽപ്പ് സൃഷ്ടിക്കേണ്ടത്. അതിന് ഒന്നുകൊണ്ടും സാധിക്കാത്തവിധം എല്ലായിടങ്ങളിലും വൈരം. വിദ്യാഭ്യാസം കൊണ്ടാണ് നമ്മൾ ഇതിനെ നേരിടേണ്ടത്. വിദ്യാഭ്യസത്തിൽ സ്നേഹം, ദയ, കരുണ ഇത്യാദികാര്യങ്ങളൊന്നും പഠിപ്പിക്കുന്നില്ല. അതുകൊണ്ട് എല്ലാവരും സ്വയം കേന്ദ്രീകൃതമായി കൊണ്ടിരിക്കുന്നു. ഇന്ന് ആകെ പ്രചാരത്തിലുള്ളത് സെൽഫിയാണ്. സെൽഫിയിൽനിന്നും സെൽഫിഷിലേയ്ക്ക് അധികം അകലമില്ല. സ്വാർത്ഥത്തിന്റെ മതം, സ്വാർത്ഥത്തിന്റെ രാഷ്ട്രീയം. ഇവിടെ അസഹിഷ്ണുതയെക്കുറിച്ച് പറയുന്നു. ഈ അസഹിഷ്ണുത സമുദായങ്ങൾക്കിടയിലാണോ; രാഷ്ട്രീയക്കാർക്കിടയിലില്ലേ; ഒരേ രാഷ്ട്രീയ പാർട്ടിക്കകത്തില്ലേ? വ്യക്തിക്ക് വ്യക്തിയെ സഹിക്കാൻ കഴിയാത്ത അവസ്ഥാവിശേഷം. അതിനിടയിൽ ഇന്ന് ലോകത്ത് ആകെത്തന്നെ ഒരു യോജിപ്പിന്റെ, കൂട്ടിയോജിപ്പിന്റെ പൊതു ഇടപെടലുകളുടെ അന്തരീക്ഷം നാം ഉണ്ടാക്കേണ്ടി വന്നിരിക്കുന്നു. ജലാലുദ്ദീൻ റൂമിയുടെ പ്രശസ്തമായ വരിയുണ്ട്, ......................... എന്ന്. നീ ലോകത്ത് വന്നിട്ടുള്ളത് ആളുകളെ കൂട്ടിച്ചേർക്കാനാണ്, ആളുകളെ വേർപിരിക്കാനല്ല. കവിയുടെ ഹൃദയത്തിൽ

രാഷ്ട്രം ഉണ്ടാകുന്നു എന്ന് ഞാൻ പറഞ്ഞു. പൂന്താനം - മലപ്പുറം ജില്ലയിൽ അങ്ങാടിപ്പുറത്തെ ഒരു ഗ്രാമത്തിൽ ജീവിച്ചിരുന്ന ഒരു സാധാ നമ്പൂതിരിയാണ് അദ്ദേഹം. കേരളത്തെ അന്നുതന്നെ മുന്നിൽകണ്ട ഓരാളായിരുന്നു പൂന്താനം. അദ്ദേഹത്തിന്റെ വരികളിൽ വരച്ചുവച്ച ഒരു കേരളമുണ്ട്.

'കൂടിയല്ലാ പിറക്കുന്ന നേരത്തും
കൂടിയല്ലാ മരിക്കുന്ന നേരത്തും
മദ്ധ്യേ ഇങ്ങനെ കാണുന്ന നേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥാ'

എന്നു ചോദിച്ച പൂന്താനം, യഥാർത്ഥത്തിൽ ഇന്നത്തെ അസഹിഷ്ണുതയ്ക്കെതിരെ, ബഹുസ്വരതയ്ക്കുവേണ്ടി മൂന്ന് നൂറ്റാണ്ടുകൾക്കുമുമ്പാണ് അദ്ദേഹത്തിന്റെ ദർശനം അദ്ദേഹം സമൂഹത്തിനായി സമർപ്പിച്ചത്. അത്തരം കാര്യങ്ങളൊന്നും കുട്ടികളെ പഠിപ്പിക്കുന്നില്ല. പഠിപ്പിച്ചുകൊടുക്കുന്നതൊക്കെ മറ്റുചില കാര്യങ്ങളാണ്. അതുകൊണ്ട് ഉണ്ടായിത്തീരുന്നത് ആളുകളുടെ അകത്തെ ഉൾവെളിച്ചമാണ് നഷ്ടപ്പെട്ടുപോകുന്നത്. വളരെ പതുക്കെ നടന്നുപോകേണ്ട കാലത്താണ് നാം ജീവിക്കുന്നത്. പേടിപ്പെടുത്തുന്ന അന്തരീക്ഷം, .................... പദനിഃസ്വനംപോലും കേൾപ്പിക്കാതെ

എത്രമാത്രമാണ് ഞാൻ പതുങ്ങിയ കാൽപ്പാടുകളിൽ നടന്നുനീങ്ങിയത്. നടക്കുമ്പോൾപോലും എന്റെ കാലിന്റെ ശബ്ദം ഒരാൾ കേൾക്കാതിരിക്കണമെന്ന് പറയുന്ന വിധത്തിലുള്ള ഈ നിഃശ്ശബ്ദത, ഈ ഭീകരമായ ഫാസിസ്റ്റ് നിഃശ്ശബ്ദത നമ്മെ എവിടെക്കൊണ്ടെത്തിക്കും? അതിനിടയിൽ നാം നമ്മെക്കുറിച്ച് ആലോചിക്കുകയും അതിന് നാം മഹത്തുക്കളുടെ ജീവിത ദർശനങ്ങളിൽനിന്നും നമ്മുടേതായ ഊർജ്ജം സ്വീകരിച്ചുകൊണ്ട് നമുക്ക് സമൂഹത്തെ ഒറ്റക്കെട്ടായി നിർത്താൻ സാധിക്കും. ഇന്ത്യയുടെ ഭാഷകൾക്കിടയിൽ, മതങ്ങൾക്കിടയിൽ ഈ രീതിയിലുള്ള അസഹിഷ്ണുത പരത്താനുള്ള ശ്രമമുണ്ട്. ഒരിക്കൽ 1958-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഡൽഹിയിൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ പറഞ്ഞു, ഞാൻ സ്കൂളിൽ പോയി, പക്ഷേ ഉറുദു ഭാഷ പഠിച്ചില്ല എന്ന്. അഴകാർന്ന നെഹ്റു, ഇന്ത്യൻ സംസ്കാരത്തിന്റെ സൗരഭ്യമായ നെഹ്റു, ഇന്ത്യ ലോകത്തിന് നൽകിയ ഏറ്റവും മനോഹാരിതയായ നെഹ്റു, സകല രാഷ്ട്രീയത്തിന്റെയും മുകളിൽ തന്റെ ആർദ്ര-കാവ്യ-കാമനയെ പ്രതിഷ്ഠിച്ച നെഹ്റു, ഒരു ദിവസം ഇതുപറഞ്ഞിട്ട് നിഃശ്ശബ്ദനായി. അദ്ദേഹം പ്രസംഗിത്തിനടിയിൽ പോസ് ചെയ്തു. ഞാൻ സ്കൂളിൽപോയി ഉറുദു പഠിച്ചില്ല. അദ്ദേഹത്തിനെ സദസ്സ് ഉറ്റുനോക്കി, നെഹ്റുവിന് ഉറുദു അറിയില്ല എന്ന്

പറയാനാണോ ശ്രമിക്കുന്നത്? വലത്തുനിന്ന് ഇടത്തോട്ട് അറബി ലിപിയിൽ എഴുതുന്ന ഭാഷയാണ് ഉറുദു. അത് ഇന്ത്യയുടെ ആത്മാവുപോലുള്ള ഭാഷയാണ്. എല്ലാ ഭാഷയും ഇന്ത്യയ്ക്ക് പ്രധാനമാണ്. സംസ്കൃതമില്ലാതെ, വേദങ്ങളില്ലാതെ, ഇതിഹാസങ്ങളില്ലാതെ ഭാരതമുണ്ടോ? ആളുകൾ ഉറ്റുനോക്കുമ്പോൾ നെഹ്റു അടുത്ത വാചകം പറഞ്ഞു. ................................ അതെന്റെ വീട്ടിലെ ഭാഷയായിരുന്നു. എനിക്ക് സ്കൂളിൽ പോയി പഠിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. വലത്തുനിന്ന് ഇടത്തോട്ട് അറബി ലിപിയിൽ എഴുതുന്ന ഭാഷ എന്റെ മാതൃഭാഷയായിരുന്നു എന്ന് പ്രഖ്യാപിച്ച നെഹ്റു പ്രധാനമന്ത്രിയായ രാജ്യമാണ് ഇന്ത്യ. എത്രമാത്രം അത്ഭുതകരമാണ് ഈ രാജ്യത്തിന്റെ ബഹുസ്വരതയുടെ ചരിത്രം. ആ അവസ്ഥയൊക്കെ പോയി. നമ്മുടെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചോദിച്ച ഒരു ചോദ്യമുണ്ട്. മൗലാനാ ആസാദ് എന്തെങ്കിലും ചോദിക്കുമ്പോൾ ആദ്യം ഭായി എന്നുപറയുമായിരുന്നു. ................................... ഹേ സഹോദരാ, വാളുകൊണ്ട് വെട്ടിയാൽ വെള്ളം രണ്ട് കഷണമാകുമോ?

അത് ചോദിക്കേണ്ട കാലമാണ് ഇന്നത്തെ ലോകം. ആയിരക്കണക്കിന് വാളുകൾ കൊണ്ട് വെട്ടിയാലും നമ്മുടെ ജനതയുടെ ഐക്യമാകുന്ന നീർപ്രവാഹത്തെ തടഞ്ഞുനിർത്താനോ കഷണങ്ങളാക്കാനോ ആർക്കും സാധ്യമല്ല എന്ന് തെളിയിച്ചുകൊടുക്കേണ്ട കാലഘട്ടമാണ് ഇത്. ഈ സാഹചര്യത്തിൽ മനുഷ്യന് ഉൾവെളിച്ചം കൊടുക്കണമെങ്കിൽ രാഷ്ട്രീയം കൊണ്ടും മതം കൊണ്ടുമൊക്കെ അതിന് ശ്രമിക്കണം. ഞാൻ ശ്രീനാരായണ ഗുരുവിന്റെ വാക്കുകൾ ഓർത്തുപോകുന്നു.

ഉലകരുറങ്ങി ഉണർന്നു ചിന്ത ചെയ്യുന്നു,

പലരുമിതൊക്കെയുമുറ്റുപാർത്തു നിൽക്കും,

വിലമതിയാതെ വിളക്കുദിക്കയും പൊൻ

പൊലികയുമില്ലിത് കണ്ടുപോയിടേണം.

ഉലകർ ഈ ലോകത്ത് ഉദിച്ച് അസ്തമിക്കും. അതിനിടയിൽ വിലമതിയാത്ത ഒരു വിളക്കായി സൂര്യൻ ഉദിച്ചുനിൽക്കുന്നുണ്ട്. ആ വിളക്ക്

പൊലിയുകയില്ല. ആ പൊലിയാത്ത വിളക്ക് മരിക്കുന്നതിനിടയിൽ കണ്ടുപോകണം. ആ അന്തർദർശനമാണ് മതം കൊടുക്കേണ്ടത്. പ്രവാചക തിരുമേനി മുഹമ്മദ് നബി സെല്ലള്ളാഹു അലൈഹിവ സെല്ലം നെഞ്ചത്തേയ്ക്ക് ചൂണ്ടിയിട്ട് പറഞ്ഞത് ഭക്തി ഇവിടെയാണെന്നാണ്. മതം സ്ഥിതിചെയ്യേണ്ടസ്ഥലം ഹൃദയമാണ്. ഇന്ന് മതത്തിന് റോഡിൽപോയിരിക്കാൻ കമ്പം തോന്നുന്നു. അവിടെയാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

അപരനുവേണ്ടി അഹർനിശം പ്രയത്നം

കൃപണതവിട്ടു കൃപാലു ചെയ്തിടുന്നു

ക്രൃപണനധോമുഖനായി കിടന്നുചെയ്യുന്ന

പചയകർമ്മം അവനുവേണ്ടി മാത്രം.

അധോമുഖത്വമാണ് ഇന്നത്തെ കാലത്ത് നമുക്കുണ്ടായിട്ടുള്ള പ്രശ്നം. അതുകൊണ്ട് ഈ കാലഘട്ടത്തിൽ നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന

അസഹിഷ്ണുതയ്ക്കെതിരെ ഇതുപോലൊരു നിയമനിർമ്മാണസഭ ലോകത്താകെ, നമ്മുടെ രാജ്യത്താകെ നടക്കുന്ന പ്രശ്ന സങ്കീർണ്ണതകൾക്കെതിരെ ഒന്നിച്ചുനിൽക്കാനുള്ള ഒരു പ്രതിജ്ഞ പുതുക്കട്ടെ. ഒരു സൂഫി നാടുകാണാൻ പോയപ്പോൾ അവിടത്തെ ജനങ്ങൾ അദ്ദേഹത്തിന് കത്രിക സമ്മാനിച്ചു. അവിടെ കത്രികയുണ്ടാക്കുന്ന ആൾക്കാരാണ് ഉണ്ടായിരുന്നത്. ആ കത്രിക തിരിച്ചും മറിച്ചും നോക്കിയിട്ട് ഇതുകൊണ്ട് ഞാനെന്ത് ചെയ്യാനാണെന്ന് സൂഫി ചോദിച്ചു. കത്രിക കഷണമാക്കാനുള്ളതാണ്. ഒരു സൂചി കൊണ്ടുതരുമോ എന്ന് അദ്ദേഹം ചോദിച്ചു. കണ്ടുനിന്ന ഒരു കുട്ടി വീട്ടിൽ പോയി അമ്മയോട് നാടുകാണാൻ വന്ന സൂഫി സൂചിക്കുഴ ചോദിക്കുന്നു എന്ന് പറഞ്ഞു. പണ്ട് നമ്മുടെ അമ്മമാർ ഉടുക്കുന്ന വസ്ത്രത്തിന്റെ കോന്തലയിൽ സൂചികൊണ്ടുനടക്കുമായിരുന്നു. ആ അമ്മ തന്റെ വസ്ത്രത്തിന്റെ കോന്തലയിൽനിന്ന് ഒരു സൂചി എടുത്തുകൊടുത്തു. നേരത്തെ കത്രിക കൊണ്ട് കഷണമാക്കിയ തുണിയുടെ കഷണങ്ങൾ

തുന്നിച്ചേർത്തുകൊണ്ട് നമുക്ക് കൂട്ടിച്ചേർക്കാം, നമുക്ക് കത്രികയാകേണ്ട, സൂചിക്കുഴയാകാം എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ എന്റെ വാക്കുകളെ ഒരു കവിതകൊണ്ട് അവസാനിപ്പിക്കുന്നു. ............................ അന്യഥാത്വത്തിന്റെ സകല തിരശ്ശീലകളെയും ഉയർത്തിയാൽ അന്യമെന്ന് തോന്നുന്ന അപരത്വം...... അപരനുവേണ്ടി അഹർനിശം പ്രിയം അപരന്റെയതെൻപ്രിയം, നാരായണ ഗുരുവിന്റെ വാക്കുകകളാണ്. ഈ അപരത്വത്തിന്റെ സകല തിരശ്ശീലകളെയും ഉയർത്തിയാലും .................................. പിണങ്ങിപ്പോയവരെ വീണ്ടും കൂട്ടിച്ചേർത്താലും ..................................... ദ്വൈതത്തിന്റെ സകല മുദ്രകളും മായ്ച്ചുകളഞ്ഞാലും. ...................................... ഏറെക്കാലമായി ഹൃദയത്തിന്റെ വാസസ്ഥാനം വിജനമായിരിക്കുകയാണ്. ............................... ഇനി ഒരു പുതിയ ക്ഷേത്രം ........................ ഈ രാജ്യത്ത് പണിതുയർത്തിയാലും. ഒരു പുതിയ ക്ഷേത്രം, ഒരു സ്നേഹക്ഷേത്രം, ഒരു ബഹുസ്വരതയുടെ ക്ഷേത്രം, ഒരു മതേതരത്വത്തിന്റെ

ക്ഷേത്രം പണിതുയർത്താനുള്ള പ്രതിജ്ഞയിൽ നമുക്ക് ഒന്നിച്ചുനിൽക്കാൻ സാധിക്കട്ടെ. ഈ ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹപ്രവർത്തകരെ ഓരോരുത്തരെ പേരെടുത്ത് പറഞ്ഞ് അഭിനന്ദിക്കാൻതരത്തിലുള്ള സേവനങ്ങൾ അവർ ചെയ്തിട്ടുണ്ട്. രാഷ്ട്രീയത്തിന് മനുഷ്യസ്നേഹത്തിന്റെ നിറം ചാർത്തിയ ഈ മുഖ്യമന്ത്രിയേയും അദ്ദേഹത്തിന്റെ മന്ത്രിസഭയേയും അതിൽ പങ്കെടുക്കാൻ നിയമസഭയിൽ വന്ന് എന്റെ ബഹുമാന്യ സുഹൃത്തുക്കളോടൊപ്പം കഴിഞ്ഞ അഞ്ച് വർഷം നിയമസഭയുടെ ഉന്നതമായ നിയമനിർമ്മാണ പ്രക്രിയയിൽ പങ്കുകൊള്ളാൻ സാധിച്ചതിൽ എന്റെ അഭിമാനവും കൃതാർത്ഥതയും രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട എം. പി. അബ്ദുസ്സമദ് സമദാനി നമ്മുടെ രാജ്യത്തിന്റെ ദേശീയ വീക്ഷണമുയർത്തിപ്പിടിച്ചുകൊണ്ട് ഇന്ന് രാജ്യം നേരിടുന്ന വലിയ വെല്ലുവിളികളെ അതിജീവിക്കേണ്ടതിന്റെ

പ്രാധാന്യത്തെക്കുറിച്ച് വളരെ മനോഹരമായാണ് ഇവിടെ അവതരിപ്പിച്ചത്. രാജ്യത്തിന്റെ ഈ വെല്ലുവിളിയുടെ മുന്നിൽ ഭാരതീയ ജനത എന്നും ഉയർത്തിപ്പിടിച്ച രാഷ്ട്രപിതാവായ മഹാത്മജിയുടെ ദർശനങ്ങളിലൂടെ ഭാരതത്തിന്റെ മതേതരത്വം എന്ന ഉറച്ച നിലപാട് കാത്തുസൂക്ഷിക്കാനും സംരക്ഷിക്കാനും ഏറ്റവും വിലപ്പെട്ട സംഭാവന നൽകിയ സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ മതേതരത്വ വീക്ഷണം ഭാരതീയ ദർശനങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുള്ളതാണ്. ഇതിനെ ചോദ്യം ചെയ്യുവാനും മതസൗഹാർദ്ദവും മനുഷ്യസൗഹാർദ്ദവും തകർക്കുവാനുമിടയാകുന്ന നിരവധി സാഹചര്യങ്ങൾ ഇന്ന് വളർന്നുവന്നിരിക്കുകയാണ്. ഇവിടെ ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനിയും ശ്രീ. ഡൊമിനിക് പ്രസന്റേഷനും ഈ വികാരങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് സഭയിൽ സംസാരിച്ചത്. ഇന്ന് കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിൽ മതേതരത്വം സംരക്ഷിക്കുവാനും മതതീവ്രവാദത്തിനെതിരായി നിലപാട് സ്വീകരിക്കുവാനും സമാധാനകാംക്ഷികളായ കേരള ജനത ആഗ്രഹിക്കുകയാണ്. അതുപോലെ ഇന്ന് കേരളത്തിന്റെ മറ്റൊരു ആശങ്കാജനകമായ സാഹചര്യം കൊലപാതക രാഷ്ട്രീയമാണ്. അക്രമത്തിന്റേയും കൊലപാതകത്തിന്റെയും പാതകളിലൂടെ

രാഷ്ട്രീയത്തിന്റെ പേരിൽ കടന്നുപോകുന്ന നിർഭാഗ്യകരമായ സാഹചര്യങ്ങളിൽ മനസ്സനൊന്തുവേദനിക്കുന്ന കേരള ജനതയുടെ വികാരം. ഈ രണ്ട് ഗുരുതരമായ പ്രശ്നങ്ങളുടെ മുമ്പിലും ഐക്യജനാധിപത്യമുന്നണി സ്വീകരിച്ചിട്ടുള്ള നിലപാട് കേരളത്തിന് ആശ്വാസമാണ് എന്നത് രാഷ്ട്രീയകേരളം വിലയിരുത്തുന്ന വസ്തുതയാണ്. വിവാദങ്ങളിലൂടെയും പ്രശ്നങ്ങളിലൂടെയും കേരളത്തെ കൊണ്ടുപോകാൻ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ശ്രമിക്കുന്ന ആളുകൾ ഈ ഗൗരവമേറിയ രണ്ട് പ്രശ്നങ്ങൾക്കുമുമ്പിലും മൗനം പാലിക്കുമ്പോൾ ജനങ്ങൾക്ക് ആശ്വാസമായി യു.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷം ഭരണരംഗത്ത് മുന്നോട്ടുപോയി എന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബു അവതരിപ്പിച്ച പ്രസ്താവന, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം സംബന്ധിച്ചുള്ള കേരളത്തിന്റെ വികസനരംഗത്തെ അഭിമാനകരമായ ഒരു നേട്ടമാണ്. ഇന്ത്യയിൽ നാല് എയർപോർട്ടുകളുള്ള സംസ്ഥാനമെന്ന ബഹുമതിയിലേയ്ക്ക് വികസനരംഗത്ത് കേരളം ഉയരുകയാണ്. തിരുവനന്തപുരം വിമാനത്താവളം നല്ലനിലയിൽ നവീകരിക്കാൻ കേരളത്തിന് കഴിഞ്ഞു. കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ഇന്ന് ലോകത്തിന്റെ തന്നെ ശ്രദ്ധ നേടുന്ന സിയാൽ എയർപോർട്ട്, ആ

നിലയിലേയ്ക്ക് നവീകരിക്കപ്പെട്ടു. മറ്റുള്ളവ കാലിക്കട്ട് എയർപോർട്ടും ഇപ്പോൾ ഏറ്റവും വികസിതമായ നിലയിലുള്ള കണ്ണൂർ എയർപോർട്ടുമാണ്. കേരളത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഈ 5 വർഷത്തിനുള്ളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഏറ്റവും വലിയ പ്രാധാന്യം നൽകിക്കൊണ്ട് മുന്നോട്ട് പോകുന്നതിൽ വിജയിച്ചു എന്നുള്ളതിന്റെ ഏറ്റവും അവസാനത്തെ തെളിവാണ് ഇപ്പോൾ കണ്ണൂർ എയർപോർട്ട് യാഥാർത്ഥ്യമാകുന്നത്. ഇവിടെ വലിയ വിവാദങ്ങളിലേയ്ക്ക് പോയ വിഴിഞ്ഞം പോർട്ടിന്റെ കാര്യം നമുക്കറിയാം. കേരളത്തിന്റെ സ്വപ്നപദ്ധതിയെന്ന നിലയിൽ വളരെ കാലമായി ചർച്ച ചെയ്യപ്പെട്ട വിഴിഞ്ഞം പോർട്ട് യാഥാർത്ഥ്യമാക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിരിക്കുകയാണ്. കൊച്ചി സ്മാർട്ട് സിറ്റിയുടെ കാര്യവും കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ഒരുകാലത്തും അതിന് തൃപ്തികരമായ പരിഹാരം കാണാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ സ്മാർട്ട് സിറ്റിയും കേരളത്തിൽ യാഥാർത്ഥ്യമാവുകയാണ്. കൊച്ചി മെട്രോയും ഒരു സ്വപ്ന പദ്ധതിയായിരുന്നു. എന്നാൽ കൊച്ചി മെട്രോയും ഇന്ന് യാഥാർത്ഥ്യമാവുകയാണ്. കേരളത്തിന്റെ മെഗാ പ്രോജക്ടുകൾ ഇതുപോലെ മുന്നോട്ടുകൊണ്ടു പോയതോടൊപ്പം

പ്രാദേശികമായ വികസന കാര്യങ്ങൾക്ക് കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ മുൻഗണന നൽകിക്കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ മുന്നോട്ടുപോയി എന്നു പറയുന്നത് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടുതന്നെയാണ്. ജനങ്ങളുടെ താൽപര്യത്തിനും കേരളത്തിന്റെ വികസനത്തിനും മുൻഗണന നൽകിക്കൊണ്ട് പ്രവർത്തിക്കുവാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് ഏറ്റവും ശ്രദ്ധേയമായിട്ടാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തിന് വിലയിരുത്താൻ കഴിയുന്നത്. ഈ പ്രവർത്തനങ്ങളിൽ വിവിധ ബഡ്ജറ്റുകൾ അവതരിപ്പിച്ചുകൊണ്ട് ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾക്ക് ശക്തിപകർന്ന ബഹുമാനപ്പെട്ട മുൻധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണിയെയും ഞാൻ പ്രത്യേകം നന്ദിപൂർവം ഓർക്കുകയാണ്. അദ്ദേഹത്തിന്റെ വികസന രംഗത്തുള്ള കാഴ്ചപ്പാടും യു.ഡി.എഫ്. ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങൾ സജീവമാക്കി മാറ്റുന്നതിൽ നിർണ്ണായകമായിരുന്നു എന്നതിൽ സംശയമില്ല. അതിന്റെ പൂർണ്ണതയിലേയ്ക്ക് വരുന്ന വിധത്തിലാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഈ ഗവൺമെന്റിനുവേണ്ടി അവസാനത്തെ ബഡ്ജറ്റ് ഇപ്പോൾ

അവതരിപ്പിച്ചിരിക്കുന്നത്. ഈ സപ്ലിമെന്ററി ഡിമാന്റ് ഇവിടെ ചർച്ച ചെയ്യപ്പെടുമ്പോൾ, വികസന പ്രക്രിയ ഏറ്റവും ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞ, ഏറ്റവും കൂടുതൽ വികസന പദ്ധതികൾ നടപ്പാക്കിയ ഒരു ഗവൺമെന്റാണിതെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. വികസന കാര്യങ്ങൾക്കുമാത്രം നേതൃത്വം നൽകുകയാണ് സാധാരണയായി ഗവൺമെന്റുകൾ ചെയ്യാറുള്ളതെങ്കിൽ അതിൽനിന്നും വ്യത്യസ്തമായ ഒരു സമീപനം സ്വീകരിക്കാൻ, ഒരു മാനുഷികമുഖം ഉയർത്തിപ്പിടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് "വികസനവും കരുതലും" എന്ന മുദ്രാവാക്യം. പാവങ്ങളും സാധാരണക്കാരുമായ ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ മുൻഗണന കൊടുക്കുന്നതിന് ഗവൺമെന്റിന് കഴിഞ്ഞു. അടിസ്ഥാന വികസനരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല വേദനയും ദുരിതവും അനുഭവിക്കുന്ന പാവങ്ങളോട് ഏറ്റവും കൂടുതൽ കരുതലും കരുണയും കാണിച്ച സർക്കാരാണിതെന്ന് പ്രവർത്തനരംഗത്തെ ആത്മാർത്ഥയിലൂടെ ഗവൺമെന്റ് തെളിയിച്ചിരിക്കുകയാണ്. പാവങ്ങൾക്ക് എല്ലാക്കാലത്തും വളരെ പരിമിതമായ തുകയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും

സഹായധനമായി കൊടുത്തിട്ടുള്ളതെന്ന് നമുക്കറിയാം. അക്കാര്യത്തിൽപ്പോലും വളരെയേറെ സഹായിക്കാൻ കഴിഞ്ഞപ്പോൾ കേരളത്തിലെ എല്ലാ മേഖലയിലെയും പാവങ്ങൾക്ക് ആശ്വാസമായി. കാരുണ്യ പദ്ധതി അടക്കമുള്ള വിവിധ പദ്ധതികളിലൂടെ പാവങ്ങൾക്ക് സഹായം ലഭിച്ചപ്പോഴും ജനങ്ങൾക്ക് അനുഗ്രഹമായിത്തീർന്നു. പാവപ്പെട്ട ജനങ്ങളുടെ ജീവിത പ്രശ്നങ്ങളിൽ ഇടപെട്ട് അവരെ സഹായിക്കുന്ന നിലപാട് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുവെന്നുള്ളത് ശ്രദ്ധേയമാണ്. വിവിധ വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾക്ക് മുൻഗണന നൽകണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ റോഡുകളുടെ വികസനം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ പ്രാധാന്യം കൊടുക്കുകയുണ്ടായി. കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിന് ഏറ്റവും കൂടുതൽ മുൻഗണന കൊടുത്ത കാലഘട്ടമായി നമുക്കിതിനെ കാണാൻ കഴിയും. ബഹുമാന്യനായ മന്ത്രി ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുടങ്ങിക്കിടന്നിരുന്ന കുടിവെള്ള പദ്ധതികൾ മുഴുവൻ പുനരാരംഭിക്കുവാനും

പൂർത്തീകരിക്കുവാനും കഴിയുന്ന നടപടികളിലേയ്ക്ക് വരികയുണ്ടായി. പുതിയ പല പദ്ധതികൾക്കും ഭരണാനുമതി നൽകി. പുതിയതായി ഭരണാനുമതി ലഭിച്ച ജലസേചന പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്നതിനായി ഭരണ-പ്രതിപക്ഷ ഭേദമന്യേ എം.എൽ.എ.മാർ മന്ത്രിയുടെ ഡേറ്റ് ചോദിച്ചുനിൽക്കുന്ന കാഴ്ച കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വിജയിച്ചുവെന്നതിന്റെ തെളിവായി കാണാൻ കഴിയും. സപ്ലിമെന്ററി ഡിമാന്റിന്റെ ചർച്ച ആയതുകൊണ്ട് ഈ വർഷം കൊടുക്കേണ്ട അലോട്ട്മെന്റുകളെക്കുറിച്ച് സൂചിപ്പിക്കുകയാണ്. റോഡുകളുടെ മെയിന്റനൻസിനുവേണ്ടിയുള്ള ഫണ്ട് അടിയന്തരമായി റിലീസ് ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിച്ചില്ലെങ്കിൽ ഈ വേനൽക്കാലത്ത് റോഡുകൾ സഞ്ചാരയോഗ്യമാക്കി നിലനിർത്താൻ കഴിയാതെ വരും. മേജർ ഡിസ്ട്രിക്റ്റ് റോഡുകളുടെയും അദർ ഡിസ്ട്രിക്റ്റ് റോഡുകളുടെയും മെയിന്റനൻസിനുവേണ്ടിയുള്ള ഫണ്ട് ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതുണ്ട്. അതുപോലെ 13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് കഴിഞ്ഞവർഷം ലഭിച്ചത് റോഡുവികസനരംഗത്ത് ഏറ്റവും

വലിയ അനുഗ്രഹമായെന്ന് കാണാൻ കഴിയും. 14-ാം ധനകാര്യ കമ്മീഷന്റെ അലോട്ട്മെന്റ് ഈ വർഷം റിലീസ് ചെയ്യാത്ത പ്രശ്നത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടേണ്ടതുണ്ട്. 14-ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് റോഡുകൾക്കുവേണ്ടി അലോട്ട് ചെയ്തില്ലെങ്കിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പ് വർക്കുകൾ അറേഞ്ച് ചെയ്യാനോ ഈ സീസണിൽ റോഡ് മെയിന്റനൻസ് ഫലപ്രദമായി നടത്താനോ കഴിയാതെ വരും. അതുകൊണ്ട് 14-ാം ധനകാര്യ കമ്മീഷന്റെ അലോട്ട്മെന്റ് റോഡുവികസന രംഗത്ത് പൊതുമരാമത്ത് വകുപ്പ് മുഖാന്തരം പ്രാദേശികമായി റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഹൈസ്പീഡ് റെയിൽ കോറിഡോർ എത്രയുംവേഗം നടപ്പാക്കുന്നതിനെക്കുറിച്ച് ശ്രീ. ബെന്നി ബെഹനാൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചുകൊണ്ട് പറയുകയുണ്ടായി. വ്യത്യസ്തമായ അഭിപ്രായങ്ങൾ ഇക്കാര്യത്തിലുണ്ട്. ഹൈസ്പീഡ് റെയിൽ കോറിഡോർ എന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള വിഷയമാണ്. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പുതിയ റെയിൽപ്പാത നിർമ്മിച്ച് എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുമെന്ന നല്ല

നിർദ്ദേശത്തെ തീർച്ചയായും സ്വാഗതം ചെയ്യുന്നു. അതുപോലെ എലിവേറ്റഡ് ഹൈവേ എന്ന നിർദ്ദേശവും വയ്ക്കുകയുണ്ടായി. ജനസാന്ദ്രതയേറിയ കേരളത്തിലെ പട്ടണപ്രദേശങ്ങളിലൂടെയും ഗ്രാമപ്രദേശങ്ങളിലൂടെയും ഒരു പുതിയ റെയിൽപ്പാതയ്ക്കുവേണ്ടി സർവ്വെ നടത്തുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യം വന്നതുകൊണ്ടാണ് ഡി.എം.ആർ.സി. യുടെ സർവ്വെ തടയാൻ കേരളം മുഴുവനുമുള്ള ആളുകൾ രംഗത്തുവന്നത്. ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് പരാതികൾ പരിഹരിച്ച് എല്ലാവർക്കും സ്വീകാര്യമായ നിലപാട് ഉണ്ടാക്കിയതിനുശേഷം മാത്രമെ ഹൈസ്പീഡ് റെയിൽ കോറിഡോറിന്റെ നടപടികളിലേയ്ക്ക് കടക്കുകയുള്ളൂവെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടിനെ സ്വാഗതം ചെയ്യുന്നു. ഇക്കാര്യത്തിൽ വ്യത്യസ്തമായ നിർദ്ദേശം മുന്നോട്ട് വയ്ക്കാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യ ഒട്ടാകെ ബന്ധിപ്പിക്കുന്ന ഹൈസ്പീഡ് റെയിൽ കോറിഡോറുമായി ബന്ധപ്പെട്ട് മുംബൈ മുതൽ കന്യാകുമാരി വരെ വർഷങ്ങൾക്ക് മുമ്പ് ശ്രീ. പി. ജെ. ജോസഫ് ഒരു യാത്ര നടത്തിയത് ഞാൻ ഓർക്കുകയാണ്. ആ യാത്രയിൽ മുന്നോട്ടുവച്ച നിർദ്ദേശം കേരളം പരിശോധിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള റെയിൽപ്പാതകളുമായി ചേർന്ന് ലഭ്യമായിട്ടുള്ള സ്ഥലമോ, കൂടുതലായി

വേണമെങ്കിൽ സ്ഥലമെടുത്തുകൊണ്ടോ ഈ പദ്ധതി നടപ്പിലാക്കാം. ഒരു മണിക്കൂർ യാത്ര കുറഞ്ഞാൽപ്പോലും അത് ലക്ഷോപലക്ഷം വരുന്ന ജനങ്ങൾക്ക് ആശ്വാസമായിത്തീരും. ബുദ്ധിമുട്ടില്ലാതെ ഒരു കാര്യവും ചെയ്യാൻ കഴിയില്ലെന്നത് അംഗീകരിക്കുമ്പോൾത്തന്നെ, മുഴുവൻ ആളുകളേയും ദുരിതത്തിലാക്കിക്കൊണ്ട് വികസന പദ്ധതികൾ വന്നാൽ ജനങ്ങൾക്കതംഗീകരിക്കാൻ കഴിയില്ലെന്ന സാഹചര്യം ഗൗരവമായി ഗവൺമെന്റ് പരിഗണിക്കേണ്ടതായിട്ടുണ്ട്. ഹൈസ്പീഡ് റെയിൽ കോറിഡോർ എന്ന ആശയം ചർച്ചചെയ്യപ്പെടുമ്പോൾ തീർച്ചയായും ഇതിന്റെ പ്രായോഗികവശങ്ങൾകൂടി ചർച്ച ചെയ്യാനുള്ള സാഹചര്യമുണ്ടാകണം. വിശദമായ പരിശോധനയ്ക്കും ബന്ധപ്പെട്ട എം.എൽ.എ.-മാരുമായുള്ള ചർച്ചയ്ക്കും ശേഷം മാത്രമെ ഈ പദ്ധതി കേരളത്തിന്റെ പൊതുപദ്ധതിയായി അംഗീകരിക്കാൻ കഴിയുകയുള്ളൂവെന്ന നിലപാട് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ആദ്യമായി വന്ന കേരള സയൻസ് സിറ്റിയെക്കുറിച്ചുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. സയൻസ് സിറ്റിക്ക് കോട്ടയം ജില്ലയിലെ കുറവിലങ്ങാടാണ് 30 ഏക്കർ സ്ഥലം

കൊടുത്തിട്ടുള്ളത്. ശ്രീ. കെ. എം. മാണി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടുന്നതിന് കോട്ടയം എം.പി., ശ്രീ. ജോസ് കെ. മാണി ഉൾപ്പെടെയുള്ളവർ നല്ല നിലയിൽ പ്രവർത്തിച്ചു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദുറബ്ബ് ഉൾപ്പെടെയുള്ളവർ നേതൃത്വം കൊടുത്തുകൊണ്ട് ആ പദ്ധതി യാഥാർത്ഥ്യമാക്കാൻ 50 കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചു, 50 കോടി രൂപ കേന്ദ്ര ഗവൺമെന്റും അനുവദിച്ചു. കേരളത്തിലെ ആദ്യത്തെ സയൻസ് സിറ്റിയാണ് യാഥാർത്ഥ്യമാകാൻ പോകുന്നത്. ഈ സയൻസ് സിറ്റിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സപ്ലിമെന്ററി ഡിമാന്റിലൂടെ ആവശ്യമായ സപ്പോർട്ട് കൊടുക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

കൃഷിയുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. റബ്ബർ കർഷകരെ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കുന്നതിനായി ഗവൺമെന്റ് നൽകുന്ന ധനസഹായമായ 300 കോടി രൂപയുടെ പാക്കേജ് 500 കോടി രൂപയായി വർദ്ധിപ്പിച്ചു. കൃഷിക്കാർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് ധാരാളം തടസ്സങ്ങൾ നിലവിലുണ്ട്. ഇതിനുള്ള

അപേക്ഷ കൊടുക്കുന്ന കാര്യങ്ങൾ ഉൾപ്പെടെയുള്ളവ ഇനിയും സുതാര്യമാക്കേണ്ടതുണ്ട്. അതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളെ സ്വാഗതം ചെയ്യുന്നു. ഈ പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ ഇപ്പോഴുള്ള സാങ്കേതികതടസ്സങ്ങൾ പരിഹരിക്കണം. റബ്ബർ കർഷകന് ഗവൺമെന്റ് കൊടുക്കാൻ ആഗ്രഹിക്കുന്ന 150 രൂപ കർഷകന് ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലും ഗുണപ്പെടുന്നവിധത്തിലും തെരഞ്ഞെടുപ്പിന് മുമ്പുതന്നെ ക്രമീകരിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. വികസന പ്രവർത്തനങ്ങൾക്കും ജനക്ഷേമ പ്രവർത്തനങ്ങൾക്കും മുൻഗണന നൽകി പ്രവർത്തിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ നാലേമുക്കാൽ വർഷമായി ഒരു ഗവൺമെന്റ് എന്ന നിലയിൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ കേരളത്തെ ഏത് ദിശയിലാണ് മുന്നോട്ടുകൊണ്ടുപോകുന്നത് എന്നതിനെക്കുറിച്ച് കൃത്യമായിട്ടുള്ള കാഴ്ചപ്പാടിനോടൊപ്പം 2030 വർഷത്തിൽ

കേരളം എവിടെ എത്തണമെന്നതിനെക്കുറിച്ചുള്ള ദീർഘവീക്ഷണം കൂടി പ്രതിഫലിക്കുന്ന ബഡ്ജറ്റാണ് കഴിഞ്ഞ ദിവസം ഈ നിയസഭയിൽ അവതരിപ്പിക്കപ്പെട്ടത്. "വികസനവും കരുതലും" എന്നുള്ളത് വെറും മുദ്രാവാക്യത്തിൽ ഒതുങ്ങുന്നതല്ല, മറിച്ച്, ഒരു ഭരണകൂടത്തിന്റെ ദിശയെ നിർണ്ണയിക്കുന്ന ഏറ്റവും കൃത്യമായ രാഷ്ട്രീയ കാഴ്ചപ്പാട് തന്നെയാണെന്നാണ് ഈ ബഡ്ജറ്റിനോടൊപ്പം ഈ ഗവൺമെന്റിന്റെ കഴിഞ്ഞ നാലര വർഷത്തെ പ്രവർത്തനങ്ങളും സൂചിപ്പിക്കുന്നത്. അതിന്റെ പ്രതിഫലനങ്ങളാണ് ബഡ്ജറ്റിലുടനീളം കാണുന്നത്. ഓരോന്നായി എണ്ണിയെണ്ണി പറയാൻ സമയക്കുറവുകൊണ്ട് ഒരുപക്ഷെ സാധിക്കില്ലെങ്കിലും ചില കാര്യങ്ങൾ മാത്രം പറയാൻ ആഗ്രഹിക്കുകയാണ്. എല്ലാ ബഡ്ജറ്റ് അവതരണത്തിനുശേഷവും മാധ്യമങ്ങളിൽ വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും സാമ്പത്തിക വിദഗ്ദ്ധരും അണിനിരക്കുന്ന ചർച്ചകൾ നമ്മളെല്ലാവരും കാണാറുണ്ട്. കഴിഞ്ഞ വെള്ളിയാഴ്ച ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും അത്തരത്തിലുള്ള ചർച്ചകൾ നിരവധി തവണ നിരവധി ചാനലുകളിലൂടെ നമ്മൾ കണ്ടതാണ്. സാധാരണ ഇത്തരം ബഡ്ജറ്റിനെക്കുറിച്ച് പ്രതിപക്ഷത്തുള്ള ആളുകൾ ഉന്നയിക്കാറുള്ള വിമർശനങ്ങളുണ്ട്. ഈ ബഡ്ജറ്റ് കാർഷിക മേഖലയെ അവഗണിക്കുന്നു, ചെറുകിട

വ്യവസായിക മേഖലയെ അവഗണിക്കുന്നു, ഈ ബഡ്ജറ്റിൽ ക്ഷേമപദ്ധതികൾ ഒന്നുമില്ല, അമിതമായ നികുതി ഭാരം അടിച്ചേൽപ്പിക്കുന്നു, എന്നിങ്ങനെയുള്ള പലതരത്തിലുള്ള പ്രശ്നങ്ങളാണ് ബഡ്ജറ്റിനെക്കുറിച്ച് പ്രതിപക്ഷത്തുള്ള ആളുകൾ ഉന്നയിച്ചുപോന്നിട്ടുള്ളതായി നമ്മൾ കേട്ടിട്ടുള്ളത്. അതല്ലെങ്കിൽ പ്രാദേശികമായ സന്തുലനാവസ്ഥ ബഡ്ജറ്റിൽ കീപ്പ് ചെയ്തിട്ടില്ല എന്നുള്ള ആക്ഷേപങ്ങളടക്കം മുൻകാലങ്ങളിലെല്ലാം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, ഇത്തവണത്തെ ബഡ്ജറ്റ് ചർച്ചകൾ ശ്രദ്ധിച്ചപ്പോൾ പ്രതിപക്ഷത്തുനിന്നുള്ള ഒരാൾക്കുപോലും അത്തരത്തിലുള്ള ഒരു വിമർശനവും മുന്നോട്ടുവയ്ക്കാനില്ല. ഈ ബഡ്ജറ്റ് കാർഷികമേഖലയെ അവഗണിച്ചുവെന്ന ആക്ഷേപമില്ല, ചെറുകിട വ്യാവസായിക മേഖലയെ അവഗണിച്ചുവെന്നുള്ള ആക്ഷേപമില്ല, പുതിയ തലമുറയ്ക്കുവേണ്ടിയുള്ള, ചെറുപ്പക്കാർക്കുവേണ്ടിയുള്ള പദ്ധതികളില്ല എന്നുള്ള ആക്ഷേപമില്ല, അമിതമായ നികുതി അടിച്ചേൽപ്പിക്കുന്നുവെന്നോ ഇളവുകൾ അനുവദിക്കുന്നില്ലായെന്നോ പ്രാദേശിക സന്തുലനാവസ്ഥ കീപ്പ് ചെയ്തിട്ടില്ലായെന്നോയുള്ള ആക്ഷേപമില്ല, ആകെ പ്രതിപക്ഷത്തുള്ള ആളുകൾക്ക് ആവർത്തിച്ച് ഉന്നയിക്കാനുണ്ടായിരുന്ന ഒരേയൊരു വിമർശനം, ഈ ഗവൺമെന്റിന് ഇനിയുള്ള രണ്ടുമാസംകൊണ്ട് ഈ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ എങ്ങനെയാണ് നടപ്പാക്കാൻ സാധിക്കുകയെന്ന പ്രായോഗികമായ

ഒരു ചോദ്യം മാത്രമാണ് അവരുടെ ഭാഗത്തുനിന്നും ഉയർന്നുകേട്ടിട്ടുള്ളത്. ഇന്ന് നിയമസഭയിൽ പ്രധാനപ്പെട്ട ഒരു ചർച്ച നടക്കുന്ന വേളയിൽ പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ ഇല്ല എന്നുള്ളത് ദൗർഭാഗ്യകരമായ സാഹചര്യമാണെങ്കിലും അവരുടെ അസാന്നിദ്ധ്യത്തിൽ ഞാൻ അവരോട് വിനീതമായി ഒന്നറിയിക്കാൻ ആഗ്രഹിക്കുകയാണ്, ഈ ഗവൺമെന്റ് 2016-17 വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത് രണ്ടുമാസത്തേയ്ക്കല്ല, മറിച്ച് വീണ്ടും വർദ്ധിച്ച ജനപിന്തുണയോടുകൂടി അധികാരത്തിൽ വന്ന് ഈ സാമ്പത്തിക വർഷത്തിലും അടുത്ത അഞ്ചുവർഷവും നടപ്പാക്കാനുള്ള മാൻഡേറ്റുമായിട്ടാണ് കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അത് ജനങ്ങൾ ആവർത്തിച്ച് അംഗീകരിക്കുകതന്നെ ചെയ്യും എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്നലെ, കേരളത്തിലെ ഒരു പ്രധാന രാഷ്ട്രീയ പാർട്ടിയുടെ നേതാവ് നയിച്ച ഒരു യാത്ര ശംഖുംമുഖത്ത് സമാപിച്ചു. ആ യാത്രയെക്കുറിച്ചോ അതിന്റെ മറ്റ് കാര്യങ്ങളെക്കുറിച്ചോ ഞാൻ പറയുന്നില്ല. കേരളത്തിൽ 14 ജില്ലകളിലും ചുറ്റിസഞ്ചരിച്ച് ഇന്നലെ ശംഖുമുഖത്ത് സമാധാനത്തിനുവേണ്ടിയും ശാന്തിക്കുവേണ്ടിയും, കൂടാതെ ധാരാളം പുരോഗമന മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചും ഒരു ജാഥ സമാപിച്ചപ്പോൾ വളരെ പ്രതീകാത്മകമായി ഒരു

പ്രാവിനെ പറത്തി. അതിന്റെ ദൃശ്യങ്ങൾ നമ്മളെല്ലാവരും ടി.വി. ചാനലുകളിൽ ലൈവായി കണ്ടതാണ്. ആ പ്രാവിനെ ജാഥാനായകൻ മുകളിലേയ്ക്ക് പറത്തിവിടാൻ ശ്രമിച്ചപ്പോൾ പ്രാവ് പറന്നുപോയത് മുകളിലേയ്ക്കല്ല, മൂക്കുംകുത്തി താഴേയ്ക്കാണ്. ചിലരുടെ സ്വപ്നങ്ങളുടെ അവസ്ഥയും അതുതന്നെയായിരിക്കു മെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തങ്ങൾ ഇതാ കേരളം പിടിച്ചടക്കാൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ട്, ഒരു പുതിയ കേരളത്തെ വാഗ്ദാനം ചെയ്തുകൊണ്ട് ചില ആളുകൾ കടന്നുവരുമ്പോൾ അവരുടെ സ്വപ്നങ്ങൾ അറബിക്കടലിൽ മൂക്കുംകുത്തി വീഴാൻ പോകുകയാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാലുകെട്ടി പീഡിപ്പിച്ച് മുകളിലേയ്ക്ക് പറപ്പിക്കാൻ ശ്രമിക്കുമ്പോൾ താഴേയ്ക്ക് മൂക്കുംകുത്തി വീഴുന്ന അവസ്ഥയല്ല കേരളത്തിൽ വേണ്ടത്, മറിച്ച് വികസനത്തിന്റെ അനന്തവിഹായസ്സിലേയ്ക്ക് പറന്നുയരാൻ കഴിയുന്ന തരത്തിലുള്ള അടിത്തറ ഒരുക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. അതിനുവേണ്ടിയുള്ള ദീർഘവീക്ഷണമാണ് ഈ ബഡ്ജറ്റിലുടനീളം കാണാൻ സാധിക്കുന്നത്. ആ ജാഥാനായകൻ ധാരാളം കാര്യങ്ങൾ പറഞ്ഞു. ഞാൻ ഓരോന്നിലേയ്ക്കും കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. തങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ അധികാരം ലഭിച്ചാൽ ചെയ്യാനാഗ്രഹിക്കുന്ന കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. വളരെ കൗതുകകരമായി തോന്നുകയാണ്. അദ്ദേഹം,

കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗം വായിച്ച് അതിലെ പോയിന്റുകൾ ആവർത്തിക്കുകയാണോ എന്നുതോന്നിപ്പോയി. അദ്ദേഹം പറഞ്ഞ കാര്യങ്ങളൊക്കെ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിഫലിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു, കാർഷിക മേഖലയെ രക്ഷിക്കുന്നതിനുവേണ്ടി വിലസ്ഥിരത ഉറപ്പുവരുത്തണം, അതുതന്നെയാണ് ബഡ്ജറ്റിലും പറയുന്നത്. വിലസ്ഥിരത, പ്രത്യേകിച്ചും ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളയായ റബ്ബറിന്റെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനുവേണ്ടി കിലോഗ്രാമിന് 150 രൂപയെങ്കിലും റബ്ബറിന് ലഭിക്കണം എന്നുള്ള കാഴ്ചപ്പാട് മുന്നോട്ടുവച്ചുകൊണ്ട് കഴിഞ്ഞവർഷം 300 കോടി രൂപയാണ് നീക്കിവച്ചതെങ്കിൽ ഈ ബഡ്ജറ്റിൽ 500 കോടി രൂപയാക്കി ഫണ്ട് വർദ്ധിപ്പിച്ചിരിക്കുകയാണ്. പച്ചത്തേങ്ങ 25 രൂപ നിരക്കിൽ സംഭരിക്കുന്നതിനുവേണ്ടി 20 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. പച്ചത്തേങ്ങ സംഭരണം നല്ലരീതിയിൽ മുന്നോട്ടുപോകുന്നു. 'നീര' അടക്കമുള്ള സാധ്യതകളുടെ പരമാവധി പ്രയോജനം കർഷകർക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നു. 21.50 രൂപയ്ക്കാണ് നെല്ല് സംഭരിച്ചുകൊണ്ടിരിക്കുന്നത്. നെൽക്കൃഷി ഇന്ന് ആദായകരമാകുന്ന സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുന്നു. ഹൈടെക് ഫാമിംഗ്

അടക്കമുള്ള കാര്യങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ഈ പ്രവർത്തനംതന്നെയാണ് പ്രധാന പ്രതിപക്ഷ പാർട്ടിക്ക് തങ്ങളുടെ പുതിയ അജണ്ടയായി മുന്നോട്ടുവയ്ക്കാനുള്ളത് എന്നുപറഞ്ഞാൽ അത് യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് കഴിഞ്ഞ നാലരവർഷമായി ചെയ്തുവരുന്ന പ്രവർത്തനങ്ങളുടെ ഒരു എൻഡോഴ്സ്മെന്റാണ്. ഈ ഗവൺമെന്റിനെ നേരിട്ട് അഭിനന്ദിക്കാനുള്ള മടി നമുക്ക് അവരുടെ ഭാഗത്തുനിന്നാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. പക്ഷെ, ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ പ്രചാരകരായി മുഖ്യപ്രതിപക്ഷംപോലും മാറുന്നുവെന്നുള്ള അവസ്ഥയിൽ ഈ ഗവൺമെന്റിന് തീർച്ചയായിട്ടും അഭിമാനിക്കാം. അദ്ദേഹം വീണ്ടും കുറെ കാര്യങ്ങൾ പറയുന്നു. അദ്ദേഹത്തിന്റെ ജാഥയിൽ അദ്ദേഹം നിരവധി സ്ഥാപനങ്ങൾ സന്ദർശിച്ചു, സാമൂഹ്യസുരക്ഷാരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ഓട്ടിസം ബാധിച്ച കുട്ടികളെ സഹായിക്കുന്ന തരത്തിലുള്ള സ്ഥാപനങ്ങൾ തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ അദ്ദേഹം സന്ദർശിച്ചുവെന്ന് പറയുന്നു. അദ്ദേഹം അതോടൊപ്പം ഓട്ടിസം ബാധിച്ച കുട്ടികളടക്കമുള്ള പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഈ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലായെന്ന ഒരു പരാതികൂടി പറയുന്നു. ഈ ബഡ്ജറ്റിലെ 389, 390 എന്നീ രണ്ട് ഖണ്ഡികകൾ അദ്ദേഹം ഒന്ന് വായിച്ചാൽ നല്ലതായിരുന്നുവെന്ന ഒരു അഭിപ്രായമുണ്ട്. അദ്ദേഹം

ഇത് വായിച്ചതുകൊണ്ടുതന്നെയായിരിക്കും ഇത് പറഞ്ഞതെന്ന് സംശയിക്കുകയും ചെയ്യുകയാണ്. ബഡ്ജറ്റിൽ കൃത്യമായി പറയുന്നു, സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക പ്രതിബന്ധമുള്ളവർ ഉൾപ്പെടെ വൈകല്യമുള്ള മുതിർന്നവർക്ക് സഹായവും പുനരധിവാസവും ഉറപ്പാക്കുന്ന മോഡൽ പദ്ധതിക്ക് 2 കോടി രൂപ നീക്കിവയ്ക്കുന്നു. സംസ്ഥാനത്തെ 5-17 പ്രായത്തിലുള്ള ഏകദേശം 45000 കുട്ടികൾ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം എന്നീ വൈകല്യങ്ങൾ ബാധിച്ചവരാണ്. വൈകല്യങ്ങൾ നേരത്തെ തിരിച്ചറിയാനും, അവ കണ്ടെത്തി ചികിത്സിക്കുകയും ഇവർക്ക് വേണ്ട മറ്റ് സഹായവും വിദ്യാഭ്യാസവും നൽകുകയും ചെയ്താൽ അത് അവർക്ക് വലിയൊരു സഹായമായിരിക്കും. ഈ കുട്ടികളുടെയും അവരുടെ രക്ഷകർത്താക്കളുടെയും സഹായത്തിനും മറ്റ് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുമുള്ള പദ്ധതിക്കായി 34.82 കോടി രൂപ വകയിരുത്തുന്നു. ഇങ്ങനെ സാമൂഹ്യ സുരക്ഷയ്ക്ക് ഏറ്റവുംകൂടുതൽ മുൻഗണന നൽകിയ ഒരു ബഡ്ജറ്റിനെയും ഗവൺമെന്റിന്റെ കാഴ്ചപ്പാടിനെയും ആർക്കാണ് നിഷേധിക്കാനും എതിർക്കാനും സാധിക്കുന്നത്? സാമൂഹ്യ സുരക്ഷയ്ക്കും ക്ഷേമത്തിനുംവേണ്ടി 583.52 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത് വികലാംഗക്ഷേമ കോർപ്പറേഷനും നിഷ്-നും വനിതാവികസന കോർപ്പറേഷനും തുകയുണ്ട്, 'നിർഭയ' അടക്കമുള്ള സ്ത്രീ

ശാക്തീകരണ പ്രവർത്തനങ്ങൾക്ക് 12 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് അടക്കമുള്ള കാര്യങ്ങൾക്കായി 12.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 'തന്റേടം ജൻഡർ പാർക്കിന്' 10 കോടി രൂപ നീക്കിവച്ചിരിക്കുന്നു. പാവപ്പെട്ട ശയ്യാവലംബികളായിട്ടുള്ള രോഗികളെ ശുശ്രൂഷിക്കുന്ന ആളുകൾക്ക് പെൻഷൻ ഏർപ്പെടുത്തിയ സർക്കാരാണിത്. ആ പെൻഷൻ നൽകുന്നതിനായി 'ആശ്വാസകിരണം' പദ്ധതിക്കായി 32 കോടി രൂപ നീക്കിവച്ചിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത ആളുകൾ അവസാന ദിവസങ്ങളിൽ അധികാരം വിട്ടൊഴിയുന്നതിനുമുമ്പ് നിരാഹാരനാടകം നടത്തി. അന്നത്തെ ഭരണാധികാരികളുടെ മുഖങ്ങൾ കേരളത്തിലെ ജനങ്ങൾ മറന്നുപോയിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായങ്ങൾ ചെയ്തു കേരളത്തിലെ ഗവൺമെന്റ് ഈ ഗവൺമെന്റല്ലേ? എൻഡോസൾഫാൻ ദുരിതബാധിതർക്ക് 10 കോടി രൂപ ഇത്തവണയും നീക്കിവച്ചിരിക്കുന്നു. 'കോക്ലിയർ ഇംപ്ലാന്റേഷൻ' പദ്ധതിക്കുവേണ്ടി 10 കോടി രൂപ നീക്കിവച്ചിരിക്കുന്നു. രക്ഷിതാക്കൾ ആരെങ്കിലും മരണപ്പെട്ട കുട്ടികൾക്ക്/വിദ്യാർത്ഥികൾക്ക് 'സ്നേഹപൂർവ്വം' പദ്ധതിയിലുൾപ്പെടുത്തി

ധനസഹായം നൽകുന്നതിനുവേണ്ടി 18 കോടി രൂപ നീക്കിവച്ചിരിക്കുന്നു. ഇത്തരത്തിൽ എല്ലാ വിഭാഗമാളുകളെയും പരിഗണിക്കുന്ന ഒരു സർക്കാർ, കാരുണ്യ സ്പർശം എല്ലാവരിലേക്കും എത്തണം, ഒരു ഗവൺമെന്റിന്റെ സാന്നിദ്ധ്യം ഓരോരുത്തരിലും നിത്യജീവിതത്തിൽ അനുഭവപ്പെടണം എന്ന കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്ന ഒരു സർക്കാർ ഇവിടെ നിലനിൽക്കുകയാണ്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഇനിയും നമുക്ക് അടുത്ത തലത്തിലേയ്ക്ക് കേരളത്തെ ഒരു വെൽഫെയർ സ്റ്റേറ്റ് എന്ന് യഥാർത്ഥത്തിൽ വിശേഷിപ്പിക്കാൻ സാധിക്കുന്ന തരത്തിൽ നമ്മുടെ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകേണ്ടതായിട്ടുണ്ട്. റിട്ടയർ ചെയ്ത അംഗൻവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും പെൻഷനെക്കുറിച്ച് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത് വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. പക്ഷെ അതോടൊപ്പം ഒരു ചെറിയ നിർദ്ദേശംകൂടി എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന വർക്കർമാർക്കുള്ള 1000 രൂപയെന്നുള്ള പെൻഷൻ ഒരൽപ്പംകൂടി ഉയർത്തി 2000 രൂപയെങ്കിലും മിനിമം ആക്കുകയാണെങ്കിൽ അത് വളരെ ഉചിതമായിരിക്കും. ഹെൽപ്പർമാർക്ക് പ്രഖ്യാപിച്ചിരിക്കുന്ന 750 രൂപയെന്നത് 1500 രൂപയെങ്കിലുമാക്കി

ഉയർത്താനുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മുൻകാലത്തെ ജനപ്രതിനിധികൾക്ക്/പഞ്ചായത്ത് മെമ്പർമാർക്കുള്ള പെൻഷൻ എന്നുപറയുന്ന ആവശ്യം എത്രയോ കാലങ്ങളായി ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യമാണ്. അതിനുവേണ്ടി തുക അനുവദിക്കണമെന്നഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ തൃത്താലയുടെ പേര് ഒന്നിലേറെ തവണ ഈ നിയമസഭയിൽ ഒരു ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി പരാമർശിച്ചുവെന്നുള്ളത് അങ്ങേയറ്റം സന്തോഷത്തോടുകൂടി ഞാനിവിടെ എടുത്തുപറയുകയാണ്. അദ്ദേഹത്തോടും ഈ ഗവൺമെന്റിനോടും അക്കാര്യത്തിലുള്ള നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്. കേരളത്തിന്റെ നവോത്ഥാന നായകനായ വി.ടി. ഭട്ടതിരിപ്പാടിന് മേല്പത്തൂരിൽ അദ്ദേഹത്തിന്റെ സ്ഥലത്ത് ഒരു സ്മാരകം ഉയരണമെന്നുള്ള ആവശ്യം അദ്ദേഹത്തിന്റെ ചരമവാർഷികദിനമായ ഈ 12-ാം തീയതിതന്നെ പ്രഖ്യാപിക്കാൻ സാന്ദർഭികമായി കേരളത്തിന്റെ മുഖ്യമന്ത്രിക്ക് അവസരം ലഭിച്ചുവെന്നുള്ളത് വലിയ ഒരു നിമിത്തമായി ഞാൻ കരുതുകയാണ്. അതോടൊപ്പം, മറ്റ് നിരവധി പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഒന്നുരണ്ട് കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയ്ക്കായി ഞാനഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലത്തിലെ

ചാലിശ്ശേരി സി.എച്ച്.സി.ക്ക് ഒരു പ്രത്യേകതയുണ്ട്. ഇത് സാധാരണ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററല്ല, കേരളത്തിൽത്തന്നെ സൗജന്യമായി ഡയാലിസിസ് നൽകുന്ന ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്ന ഏക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ്. സ്വാഭാവികമായി ഒരുയർച്ച ആ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അർഹിക്കുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ താലൂക്ക് ആശുപത്രിയില്ല. എല്ലാ അർത്ഥത്തിലും താലൂക്ക് ആശുപത്രിയായി ഉയർത്താൻ അർഹതയുള്ള ഈ ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തിക്കൊണ്ടുള്ള ഒരു പ്രഖ്യാപനംകൂടി താങ്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് സാന്ദർഭികമായി കൂട്ടിച്ചേർത്തുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഈ ഗവൺമെന്റിന്റെ വരുംകാല പ്രവർത്തനങ്ങൾക്ക്, അടുത്ത അഞ്ചു വർഷത്തേയ്ക്കുകൂടിയുള്ള പ്രവർത്തനങ്ങൾക്ക് ഇതേരീതിയിലുള്ള മാനുഷിക മുഖമുണ്ടാകണമെന്ന് പ്രിയങ്കരനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. ആർ. സെൽവരാജ് : സർ, 2015-16-ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. വിവിധ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നത്.

ആ വെല്ലുവിളികളെല്ലാം ധൈര്യസമേതം നേരിട്ടുകൊണ്ട് ജനങ്ങളോട് പ്രതിജ്ഞാബദ്ധമായ ഈ ഗവൺമെന്റിന്, ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിർവ്വഹിക്കുന്ന കാര്യത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് വിജയം കൈവരിക്കാൻ സാധിച്ചു. ഈ ബഡ്ജറ്റിനെ സംബന്ധിച്ച കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കുന്നതിനും ജനോപകാരപ്രദമായ എന്തെങ്കിലും വിഷയങ്ങൾ പുതുതായി കൂട്ടിച്ചേർക്കുന്നതിനുമായി ഈ ചർച്ചയിൽ പങ്കെടുക്കുവാൻ പ്രതിപക്ഷം നിയമസഭയിൽ ഇല്ലാതെപോയത് ദുഃഖകരമാണ്. അവർ ജനങ്ങളിൽനിന്നും ഒളിച്ചോടുകയാണ്. ജനങ്ങൾക്കുവേണ്ടി അവതരിപ്പിച്ച ജനകീയ ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് അതിനെ പോഷിപ്പിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ ഒളിച്ചോടിയവരാണ് പ്രതിപക്ഷം. പ്രതിപക്ഷത്തിന് ജനങ്ങളോട് ഉത്തരവാദിത്തമില്ലായെന്നുമാത്രമല്ല ഈ രാജ്യത്തോടുപോലും ഉത്തരവാദിത്തമില്ലാത്ത രീതിയിലാണ് അവർ പോകുന്നത്. രാജ്യത്ത് കലാപം വർദ്ധിപ്പിക്കുന്നതിനും തീവ്രവാദം പ്രോത്സാഹിപ്പിക്കുന്നതിനുമാവശ്യമായ നടപടികളാണ് അവർ കൈക്കൊള്ളുന്നത്. അക്രമരാഷ്ട്രീയവും കൊലപാതക രാഷ്ട്രീയവും കൈമുതലാക്കിയ സി.പി.(ഐ)എം. ഇന്ന് ബംഗാളിൽ ഒറ്റപ്പെട്ടിരിക്കുന്നു. ആ ഒറ്റപ്പെടലിൽനിന്നും തിരിച്ചുവരുന്നതിനുവേണ്ടി ഇന്ത്യൻ നാഷണൽ

കോൺഗ്രസ്സുമായി കൈകോർക്കുന്നതിന് അവർ ബംഗാളിൽ തയ്യാറായിരിക്കുന്നു. ഇന്നവരുടെ സുപ്രധാനമായ കേന്ദ്രകമ്മിറ്റി കൂടുകയാണ്. സി.പി.(ഐ)എം.-ന്റെ കേന്ദ്രകമ്മിറ്റിയിൽ തീർച്ചയായും പശ്ചിമബംഗാളിലെ നേതാക്കൾ ഉന്നയിക്കുന്ന ആവശ്യം, ശ്രീമതി മമതാ ബാനർജിയുടെ ഭരണത്തെ തൂത്തെറിയുന്നതിന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായി കൂട്ടുചേരണമെന്നുള്ളതാണ്. അതിനുള്ള തീരുമാനം ഇന്ന് കൈക്കൊള്ളാൻ സാധ്യതയുണ്ട് എന്നാണ് കരുതുന്നത്. പശ്ചിമബംഗാളിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങളും ജനക്ഷേമ പ്രവർത്തനങ്ങളുമാണ് നടത്തിയിരുന്നതെന്നും, അവിടത്തെ ദീർഘകാലഭരണം അതാണ് തെളിയിക്കുന്നതെന്നും പറഞ്ഞുനടന്നവർക്ക്, അവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽപോലും മുന്നേറാനായില്ല എന്നുള്ളത് ദയനീയമായ അവസ്ഥയാണ്. ആകെ അവശേഷിക്കുന്ന ഒരു പ്രതീക്ഷ കേരളം മാത്രമാണ്. പശ്ചിമബംഗാളിൽ കോൺഗ്രസിന്റെ സഹായമില്ലാതെ നിൽക്കാനായില്ലെങ്കിൽ കേരളത്തിലെങ്ങനെ നിൽക്കും; ഇന്ത്യയിൽ ബി.ജെ.പി.ക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസിനും ബദലായി ഒരു ദേശീയ ശക്തി ഉണ്ടാക്കിയെടുക്കാനും ഒരു മൂന്നാം മുന്നണിക്ക് രൂപം കൊടുക്കുവാനും എങ്ങനെ സാധിക്കും? അതുകൊണ്ടുതന്നെ ഒരു കാരണവശാലും ഇന്ത്യയിലെ മതേതരത്വ

ജനാധിപത്യ ശക്തികളുമായി യോജിക്കാതെ ഒരു തരത്തിലും സി.പി.(ഐ)എം.ന് മുന്നോട്ടുപോകാൻ ആകില്ല എന്നൊരവസ്ഥയിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. ഈ വിഷയം അവധാനതയോടുകൂടി ചർച്ചചെയ്യുന്നതിനുവേണ്ടി പശ്ചിമബംഗാൾ ഘടകം അവരുടെ പാർട്ടി കോൺഗ്രസ്സിൽ ഉന്നയിച്ചിട്ടും അതിന് മറുപടി പറയാതെ പിരിഞ്ഞുപോയ നേതൃത്വമാണ് സി.പി.(ഐ)എം.നുള്ളത്. തീർച്ചയായും ഒരു പുനർവിചിന്തനം നടത്തുന്നതിനുവേണ്ടി അവർ തയ്യാറായിരിക്കുന്നു എന്നുള്ളതിന്റെ ഉദാഹരണമാണ് ഇന്നലെ തിരുവനന്തപുരത്തെ ശംഖുംമുഖത്ത് കണ്ടത്. തീർച്ചയായും കേരളത്തിലും വരാൻപോകുന്ന തെരഞ്ഞെടുപ്പുകളിൽ അവർ ഇന്ത്യൻ നാഷണൽ കോൺഗ്രസും യു.ഡി.എഫ്.മായി ചേർന്നുകൊണ്ട് ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനും മതേതരത്വത്തെ നിലനിറുത്തുന്നതിനും ഇന്ത്യയുടെ സമാധാനപരമായ അന്തരീക്ഷം കാത്തുസൂക്ഷിക്കുന്നതിനും തയ്യാറാകും, അതാണ് യാഥാർത്ഥ്യം. ഇത്തരം വിഷയങ്ങൾ ജനങ്ങളുടെ മുമ്പിൽ നിരത്തിക്കൊണ്ട് ജനകീയ പ്രശ്നങ്ങൾക്കുവേണ്ടി ഏതെങ്കിലുമൊരു സമരം നിയമസഭയ്ക്കകത്തോ പുറത്തോ ഇക്കഴിഞ്ഞ അഞ്ചുവർഷക്കാലം അവർക്ക് നടത്താൻ കഴിഞ്ഞിട്ടുണ്ടോ? അവർ നടത്തിയിട്ടുള്ള സമരങ്ങൾ മുഴുവനും സരിതയ്ക്കുവേണ്ടിയും മദ്യരാജാക്കന്മാർക്കുവേണ്ടിയും മാത്രമായിരുന്നില്ലേ? മറ്റാർക്കെങ്കിലുംവേണ്ടി

ശക്തമായ ആവശ്യമുന്നയിക്കാനോ നിയമസഭയ്ക്കകത്ത് ഒരക്ഷരംപോലും ഉരിയാടാനോ സാധിച്ചിട്ടില്ല എന്നുള്ളതാണ് കഴിഞ്ഞ കാലങ്ങളിൽ നമുക്ക് കാണാൻ സാധിച്ചത്. കേരളത്തിൽ യു.ഡി.എഫ്.ന്റെയും എൽ.ഡി.എഫ്.ന്റെയും നേതൃത്വത്തിൽ അധികാരത്തിൽ വന്നിട്ടുള്ള ഒരുപാട് ഗവൺമെന്റുകളുണ്ട്. ആ ഗവൺമെന്റുകളൊന്നും ഇന്നുവരെ നടപ്പാക്കാത്ത ജനക്ഷേമ പദ്ധതികളും നാടിന്റെ പുരോഗതിക്കുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങളുമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് കേരളത്തിൽ അധികാരത്തിലിരിക്കുന്ന യു.ഡി.എഫ് ഗവൺമെന്റ് നടപ്പാക്കി മുന്നോട്ടുപോകുന്നത്. അതിന്റെ പ്രതിഫലനം പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.മാരുടെയും നിയോജകമണ്ഡലങ്ങളിൽ നമുക്ക് കാണാൻ സാധിക്കും. കേരളപ്പിറവിക്കുശേഷം ഇന്നുവരെ കാണാത്ത വികസനപ്രവർത്തനങ്ങളാണ് എന്റെ നിയോജകമണ്ഡലമായ നെയ്യാറ്റിൻകരയിൽ നടപ്പാക്കിയിട്ടുള്ളത്. എത്രയോ വർഷംകൊണ്ട് മുടങ്ങിക്കിടന്ന പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ നിർമ്മാണത്തിനുള്ള അനുമതിയും അതിനാവശ്യമായ സാമ്പത്തികവും നൽകിയ ഗവൺമെന്റാണിത്. അതിന്റെ നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലതന്നെ വളരെക്കാലംകൊണ്ട് ജനങ്ങൾ

ആഗ്രഹിച്ചിരുന്ന ജനകീയ ആവശ്യങ്ങളിലൊന്നായ നെയ്യാറിനുകുറുകെയുള്ള കന്നിപ്പുറം പാലത്തിന് അനുമതി നൽകുകയും അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുകയും ചെയ്തിരിക്കുന്നു. ഇത്രയും വികസനം ഏതെങ്കിലും കാലത്ത് നെയ്യാറ്റിൻകരയിൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ? ഈ ഗവൺമെന്റാണ് അതിന് നേതൃത്വം നൽകിയത്. അതുപോലെ ഒരു താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് എന്ന നിലയ്ക്ക് നെയ്യാറ്റിൻകരയിൽ പുതിയ താലൂക്കാഫീസിന്റെ നിർമ്മാണം നടത്തി. രാജഭരണകാലത്ത് നിർമ്മിച്ചതും ചോർന്നൊലിച്ച് ദ്രവിച്ചുകിടന്നതുമായ താലൂക്കാഫീസിന് പുതിയൊരു മുഖച്ഛായ നൽകിക്കൊണ്ട് അത്യാധുനിക രീതിയിലുള്ള ഒരു പുതിയ താലൂക്കാഫീസ് കെട്ടിടം നിർമ്മിച്ച് പൂർത്തിയാക്കുന്നതിന് സാധിച്ചു. അതുപോലെ രാജഭരണകാലത്ത് സ്ഥാപിതമായതും വനിതാജീവനക്കാർക്ക് യൂണിഫോം ചെയ്ഞ്ച് ചെയ്യുന്നതിനുപോലും നിർവ്വാഹമില്ലാതിരുന്നതും ചോർന്നൊലിച്ചുകൊണ്ടിരുന്ന തുമായ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണികഴിപ്പിച്ചു. ഡിവൈ.എസ്.പി.യുടെയും സി.ഐ.യുടെയും എസ്.ഐ.യുടെയും ഓഫീസ് ഒരു കെട്ടിടത്തിലാക്കിക്കൊണ്ടുള്ള പോലീസ് സമുച്ചയം ഉയർന്നിരിക്കുന്നു. നെയ്യാറ്റിൻകരയിൽനിന്നും മാറ്റിക്കൊണ്ടുപോയ എ.ആർ. ക്യാമ്പ് പുനഃസ്ഥാപിക്കാൻ സാധിച്ചു. പോലീസ്

ഉദ്യോഗസ്ഥർക്ക് താമസിക്കുവാൻ 21 ക്വാർട്ടേഴ്സ് നിർമ്മിച്ചു. ഇതൊക്കെ ഏതുകാലത്താണ് നടന്നിട്ടുള്ളത്? നെയ്യാറ്റിൻകരയെ സംബന്ധിച്ചിടത്തോളം അഭിമാനകരമായിട്ടുള്ള നേട്ടങ്ങളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് കൈവരിക്കാൻ സാധിച്ചത്. ഇതിനെല്ലാമുപരി നെയ്യാറ്റിൻകര താലൂക്കാശുപത്രിയെ ജനറൽ ആശുപത്രിയാക്കി മാറ്റുകയും ചെയ്തു. ഈ ജനറൽ ആശുപത്രിക്ക് അത്യാധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി 12 കോടി രൂപ മുടക്കി ഒരു ബഹുനിലകെട്ടിടം ആശുപത്രി കോമ്പൗണ്ടിൽ നിർമ്മിച്ചു. അതിന്റെ ഉദ്ഘാടനകർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് നിർവ്വഹിച്ചത്. കേരളത്തിൽ മാറിമാറിവന്ന ഗവൺമെന്റുകൾ അധികാരത്തിലിരുന്നിട്ടും ഒരുപാട് എം.എൽ.എ. മാരും മന്ത്രിമാരുമൊക്കെ പ്രതിനിധാനം ചെയ്ത നെയ്യാറ്റിൻകരയിൽ ഇന്നുവരെ ഇതൊന്നും ലഭ്യമായിട്ടില്ല. ഈ ഗവൺമെന്റിന്റെ കാലത്താണ് ഇത്തരം കാര്യങ്ങളൊക്കെ അനുവദിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു കാര്യംകൂടി അഭ്യർത്ഥിക്കുവാനുണ്ട്. എന്റെ നിയോജകമണ്ഡലമായ നെയ്യാറ്റിൻകരയിൽ അങ്ങ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ച ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിടത്തിൽ അത്യാധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ പോസ്റ്റ്

ക്രിയേഷനുവേണ്ടിയുള്ളൊരു ഫയൽ അങ്ങയുടെ മുമ്പിലുണ്ട്. അതിൽ അനുകൂലമായ നടപടിയെടുക്കണമെന്നും അവിടെ ജനങ്ങൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അതുപോലതന്നെ അതിയന്നൂർ സി.എച്ച്.സി.യെ ഒരു താലൂക്കാശുപത്രിയായി ഉയർത്തണമെന്നും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, നെയ്യാറ്റിൻകരയിൽ കുടുംബകോടതി അനുവദിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അത് എത്രയും വേഗം അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. നാടിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങൾ ഉന്നയിച്ച് ഈ ബഡ്ജറ്റിൽ വകകൊള്ളിക്കുവാനും വിട്ടുപോയത് കൂട്ടിച്ചേർക്കാനും ആവശ്യമായ ചർച്ച ചെയ്യേണ്ട ഉത്തരവാദപ്പെട്ട പ്രതിപക്ഷം കേരളത്തിൽ നിരുത്തരവാദപരമായ നിലപാടാണ് സ്വീകരിക്കുന്നത്. ജനങ്ങളോട് താല്പര്യമില്ലാത്തൊരു പ്രതിപക്ഷമാണ് ഇന്ന് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെയാണ് സി.പി.(ഐ)എം.ന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റിനെതിരെ നടത്തിയിട്ടുള്ള എല്ലാ സമരങ്ങളും ജനങ്ങളും സഖാക്കളും ഉൾക്കൊള്ളാതെ തള്ളിക്കളഞ്ഞത്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് നിയമസഭാ ബഹിഷ്കരണവും നിയമസഭയ്ക്കെതിരെയും മുഖ്യമന്ത്രിക്കെതിരെയും

ബഡ്ജറ്റിനെതിരെയും നടത്തിയിട്ടുള്ള സമരങ്ങളും. സരിതാ സമരത്തിന്റെ കഥയൊക്കെ നമുക്ക് നന്നായിട്ടറിയാം. ആർക്കുവേണ്ടിയാണ് സരിതാ സമരം നടത്തിയത്; കേരളത്തിലെ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കും കൃഷിക്കാർക്കും തൊഴിലാളി വർഗ്ഗത്തിനും വേണ്ടിയാണോ? തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്ന സി.പി.(ഐ)എം. ഇന്ന് സരിതയിൽ ഒതുങ്ങിയിരിക്കുന്നു. സരിതാസർവ്വാധിപത്യം എന്ന യുഗത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളിയോടും പൊതുജനങ്ങളോടുമൊന്നും കടപ്പാടില്ലാത്ത സി.പി.(ഐ)എം. ഇന്ന് അധഃപതനത്തിന്റെ വക്കിലേയ്ക്ക് മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഇന്ന് കേന്ദ്രകമ്മിറ്റി കൂടുമ്പോൾ, ബംഗാളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസുമായി സഹകരിച്ച് മുന്നോട്ടുപോകണമെന്ന തീരുമാനമെടുക്കുവാനാണ് സാധ്യത എന്ന് കരുതുന്നത്. പ്രതിപക്ഷനേതാവ് സഖാവ് വി. എസ്. അച്ചുതാനന്ദനടക്കം ഈ ന്യായമായ അവസ്ഥയോട് യോജിക്കുന്നുണ്ട്. ഇന്ത്യയിൽ ജനാധിപത്യവും മതേതരത്വവും കാത്തുസൂക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമായ പാർട്ടി എന്നനിലയ്ക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ മുൻനിറുത്തിമാത്രമേ അവർക്ക് മുന്നോട്ടുപോകാനാകൂ. ഈയൊരു രാഷ്ട്രീയ പശ്ചാത്തലത്തിൽ നാലുവർഷം പിന്നിട്ട് അഞ്ചാമത്

വർഷത്തേയ്ക്ക് അവതരിപ്പിച്ച ഈ ബഡ്ജറ്റ് ജനോപകാരപ്രദമായ ബഡ്ജറ്റാണ്. അടുത്ത അഞ്ചുവർഷക്കാലംകൊണ്ട് കേരളത്തിൽ നടപ്പാക്കേണ്ട വികസനപദ്ധതികളുടെ തുടക്കംകുറിക്കുന്ന ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയും നാടിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമ പദ്ധതികൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും ഉപകരിക്കും. ആ ബഡ്ജറ്റ് കേരളത്തിൽ നടപ്പാക്കാൻ ആവശ്യമായ അംഗീകാരം ജനങ്ങൾ ഇനിയും നൽകും. ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുന്ന ഇപ്പോഴത്തെ ഗവൺമെന്റ്. കേരളമുള്ള കാലത്തോളം ഈ സർക്കാരിനെ ജനം വിസ്മരിക്കുകയില്ല എന്ന വിശ്വാസക്കാരനാണ് ഞാൻ. ഈ ഗവൺമെന്റ് ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ചും ഇനി ചെയ്യാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചും ഇവിടെ ആവർത്തിച്ച് പ്രതിപാദിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി,

ധനകാര്യമന്ത്രി എന്ന നിലയിൽ അവതരിപ്പിച്ച ബഡ്ജറ്റിനുള്ളിൽ അവയെല്ലാം വിശദമായി പരാമർശിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളെയും ഒരുപോലെ സ്പർശിച്ച ഇതുപോലൊരു ബഡ്ജറ്റ് ഒരു കാലത്തും മുമ്പുണ്ടായിട്ടില്ലെന്ന് പറയാൻ കഴിയും. ഏതെങ്കിലുമൊരു മുഖ്യമന്ത്രിക്കോ ധനകാര്യ മന്ത്രിക്കോ ഗവൺമെന്റിനോ ഇത്രയധികം നല്ല രീതിയിൽ ജീവിതത്തിന്റെ നിഖില മേഖലകളെയും ചൂഴുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിക്കുവാൻ സാധിക്കുമോയെന്നത് സംശയമാണ്. ഇത് ഞാൻ ആത്മാർത്ഥമായി പറയുന്ന കാര്യമാണ്. ഇവിടെ പല വൻകിട പ്രോജക്ടുകൾക്കും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനും മറ്റുമായി മുടക്കിയ ഭീമമായ സംഖ്യ - 30,000-ത്തിലധികം കോടി രൂപ പല ഇനങ്ങളിലായി ഈ ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിക്ക് 7,525 കോടി രൂപ; 7,205 കോടി രൂപയുടെ കൊച്ചി മെട്രോ; 1,892 കോടി രൂപയുടെ കണ്ണൂർ എയർപോർട്ട്; 431 കോടി രൂപയുടെ മൊബിലിറ്റി ഹബ്ബ്; 6,728 കോടി രൂപയുടെ ലൈറ്റ് മെട്രോ; 3,063 കോടി രൂപയുടെ റാപ്പിഡ് റെയിൽ; സ്മാർട്ട് സിറ്റി; ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് വിഭാവന ചെയ്തിരിക്കുന്നത് 30,000 കോടി രൂപയുടെ ഫണ്ട്

സമാഹരിക്കാനാണ്. ഇതെല്ലാം വൻകിട പ്രോജക്ടുകളാണ്. സാധാരണക്കാരന് ഇതുമായി എന്തുബന്ധം എന്നെല്ലാം വേണമെങ്കിൽ ചോദിക്കാമെന്നേയുള്ളൂ. സാധാരണക്കാർക്ക് അതിഭീമമായ സംഖ്യ പലയിനങ്ങളിലായി കൊടുത്തിട്ടുള്ള ഗവൺമെന്റാണിത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 3,500 കോടി രൂപയുടെ ഭക്ഷ്യവസ്തുക്കൾ വാങ്ങി വിതരണം ചെയ്ത ഗവൺമെന്റാണ്. കാരുണ്യ പദ്ധതിയിലൂടെ 1,200 കോടി രൂപ സാധാരണക്കാരുടെ ചികിത്സയ്ക്കുവേണ്ടി ചെലവഴിച്ച ഗവൺമെന്റാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 540 കോടി രൂപ സാധാരണക്കാർക്കുവേണ്ടി ചെലവഴിച്ച ഗവൺമെന്റാണിത്. ക്ഷേമ പെൻഷനുകൾക്കായി 16,311 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സൗജന്യമായി സാധാരണക്കാർക്ക് മരുന്നുനൽകാൻ 1,156 കോടി രൂപ ഈ ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിലൂടെ മുഖ്യമന്ത്രി 188 കോടി രൂപ വേറെയും ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല, ഈ ഗവൺമെന്റിന്റെ വാർഷിക പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള വിഹിതം 24,000 കോടി രൂപയാണ്. അതിനുപുറമെ കേന്ദ്രത്തിന്റെ സംഭാവനയായ 6534.17 കോടി രൂപ കൂടി വരുമ്പോൾ

വാർഷിക പദ്ധതി 30,534 കോടി രൂപ കഴിയും. അടിസ്ഥാന വികസനത്തിനുവേണ്ടി 17 പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഗവൺമെന്റാണിത്. സാധാരണക്കാർക്കുവേണ്ടിയും കേരളത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടിയും വളരെയേറെ കാര്യങ്ങൾ ചെയ്ത ഒരു നല്ല ഗവൺമെന്റ് എന്ന നിലയിൽ ഇതിനെ പ്രശംസിക്കാതിരിക്കാൻ ഒരു നിർവ്വാഹവുമില്ല. മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ ഇതര മന്ത്രിമാരും അവരവരുടെ വകുപ്പുകളിൽ വളരെ കാര്യക്ഷമമായ രീതിയിൽ, കേരളത്തിന് വളരെയേറെ അനുകൂലമായ രീതിയിൽ, ജനോപകാരപ്രദമായ രീതിയിൽ പല കാര്യങ്ങളും ചെയ്തിട്ടുള്ള ഒരു നല്ല ഗവൺമെന്റായതുകൊണ്ട് ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയ്ക്കുവേണ്ടി ഒന്നുരണ്ട് കാര്യങ്ങൾ പറയുകയാണ്. ഒന്ന്, വിമാനത്താവള ങ്ങളുടെ വികസനത്തെക്കുറിച്ച് പറഞ്ഞപ്പോൾ കോഴിക്കോട് വിമാനത്താവളത്തിന്റെ ലാന്റ് അക്വിസിഷനും വികസനത്തിനുംവേണ്ടി ചെറിയൊരു സംഖ്യ നീക്കിവയ്ക്കേണ്ടതായിരുന്നു. അങ്ങനെയുണ്ടായാൽ നന്നായിരുന്നു. ഇക്കാര്യത്തിൽ അനുയോജ്യമായ ഒരു തീരുമാനമെടുക്കാൻ കഴിയുമെങ്കിൽ

നല്ലതാണ്. അതുപോലെ, മുഥിയം ബീച്ച് പാലത്തിനുവേണ്ടി ഒരു സംഖ്യയും; പെരുവള്ളൂർ എന്ന സ്ഥലത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററല്ലാതെ എന്റെ മണ്ഡലത്തിൽപ്പെട്ട ആ ബ്ലോക്കിൽ മറ്റെവിടെയും സി.എച്ച്.സി. ഇല്ല. ബാക്കിയെല്ലാം പി.എച്ച്.സി.-കൾ ആണ്. സി.എച്ച്.സി. ആയി ഗവൺമെന്റ് അത് ഉയർത്തിയതുതന്നെ അടുത്ത കാലത്താണ്. അതിന് ആവശ്യത്തിന് സ്റ്റാഫിനെ നിയോഗിക്കണമെന്ന ആവശ്യംകൂടി ഞാൻ ഉന്നയിക്കുകയാണ്. മറ്റൊരു കാര്യം, ഇവിടെ രാഷ്ട്രീയപരമായ കാര്യങ്ങളെക്കുറിച്ച് പലരും പറഞ്ഞു. ഇവിടെ പ്രതിപക്ഷാംഗങ്ങൾ ഇല്ലാത്തതുകൊണ്ട് അവരെ രാഷ്ട്രീയമായി ആക്രമിക്കണമെന്നോ അവർക്കെതിരായ കാര്യങ്ങൾ പറയണമെന്നോ സാമാന്യ മര്യാദകൊണ്ട് ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും മുസ്ലീംലീഗുമെല്ലാം കോൺഗ്രസിന്റെ സഖ്യകക്ഷികളാണ്, രണ്ടാം നിരക്കാരായ പാർട്ടികളാണ് രണ്ടും. പശ്ചിമബംഗാളിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി കോൺഗ്രസിന്റെ സഖ്യകക്ഷിയാകാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നു. ഞങ്ങൾ കേരളത്തിൽ 10-40 വർഷങ്ങളായി കോൺഗ്രസിന്റെ സഖ്യകക്ഷി യാണ്. ഞങ്ങൾ

രണ്ടുകൂട്ടരും കോൺഗ്രസിന്റെ സഖ്യകക്ഷികളാണ്. അങ്ങനെയൊക്കെയാണെങ്കിലും കമ്മ്യൂണിസ്റ്റുകാരായ സ്നേഹിതന്മാർ എടുക്കുന്ന പല നിലപാടുകളും ശരിയായ നിലപാടുകളല്ലെന്ന് വ്യക്തമാണ്. കോൺഗ്രസ് വിരോധത്തിന്റെ ഫലമായി അവർക്ക് പലപ്പോഴും വളരെ വലിയ അബദ്ധങ്ങളിൽ ചെന്നുപെടേണ്ടതായി വന്നിട്ടുണ്ട്. കോൺഗ്രസ് വിരോധം ഒരു രാഷ്ട്രീയ തിമിരം പോലെ തന്നെ ആ പാർട്ടിയെ ബാധിച്ച നിർഭാഗ്യകരമായ സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. അതിനെക്കുറിച്ച് ഇവിടെ പലരും പറഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ ഇന്ന് നിലവിലുള്ള ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകളും അതിന്റെ ഫാസിസ്റ്റ് പ്രവണതയും വർഗ്ഗീയതയിൽ അധിഷ്ഠിതമായ രാഷ്ട്രീയ നിരീക്ഷണങ്ങളും കാഴ്ചപ്പാടുമെല്ലാം വളരെ നിർഭാഗ്യകരമാണ്. ദളിതർ അനുഭവിക്കുന്ന പ്രയാസങ്ങൾ, രോഹിത് വെമുല ആത്മഹത്യ ചെയ്ത സംഭവം, ഒരുപാട് ദളിതർക്ക് സംഭവിച്ച കാര്യങ്ങൾ, അവസാനം വന്ന ജെ.എൻ.യു.-വിലെ ചില പ്രശ്നങ്ങൾ. പ്രശ്നങ്ങളെന്തായാലും അതെല്ലാം അടുത്ത കാലത്താണ് പുറത്തുവരുന്നത്. രാജ്യത്തിന്റെ മതേതരത്വം സംരക്ഷിക്കുവാനും ബഹുസ്വരത നിലനിർത്തുവാനും പരിശ്രമിക്കുന്ന ആളുകൾക്ക്, അവർ ഏത്

വിഭാഗക്കാരായാലും, അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങൾ നിസ്സാരമായിട്ടുള്ള കാര്യമല്ല. ഈയൊരു സാഹചര്യത്തിൽ മാറ്റംവരേണ്ടത് ആവശ്യമാണ്. മതേതരത്വവും ബഹുസ്വരതയും സംരക്ഷിക്കുവാൻ എല്ലാ മതേതര കക്ഷികളും ജനവിഭാഗങ്ങളും ഒരുമിച്ച് നിന്ന് വിശാലമായ ഒരു സഖ്യം രൂപപ്പെടുത്തുകയെന്നത് ഇന്ത്യൻ രാഷ്ട്രീയത്തിൽ അനിവാര്യമായ ഒരു ഘടകമാണ്. കമ്മ്യൂണിസ്റ്റുകാരായ ആളുകളെ സംബന്ധിച്ച് പറഞ്ഞാൽ ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രമോ അവരുടെ സംഘടനാ സംവിധാനങ്ങളോ ആ പാർട്ടിയോ ഒരിക്കലും വിഭാവന ചെയ്തിട്ടില്ലാത്ത കാര്യമാണ് പാർലമെന്ററി ഡെമോക്രസി എന്നുപറയുന്നത്. പക്ഷെ അവർക്ക് പാർലമെന്ററി ഡെമോക്രസിയിൽ എത്തിച്ചേരേണ്ടിവന്നു, വിപ്ലവത്തിന്റെ മുദ്രാവാക്യങ്ങൾ ഉപേക്ഷിക്കേണ്ടി വന്നു. അങ്ങനെയുള്ള ഒരു സാഹചര്യം അവർക്ക് സംഭവിച്ചുവെന്നുള്ളത് ശരിയാണ്. പക്ഷേ ആരാണ് അവരുടെ മുഖ്യശത്രു എന്നുള്ള പ്രശ്നം അവരെ തുറിച്ചുനോക്കുകയാണ്. ബംഗാളിൽ കോൺഗ്രസിനോടൊപ്പം കൂടുന്നത് എന്തിനുവേണ്ടിയാണ്; തൃണമൂൽ കോൺഗ്രസിനെ എതിർക്കാൻ വേണ്ടിയാണ്. അവിടെ തൃണമൂൽ കോൺഗ്രസാണോ അവരുടെ മുഖ്യശത്രു; ഇവിടെ

കോൺഗ്രസാണോ മുഖ്യശത്രു? ഇങ്ങനെയുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇതെല്ലാം അവർ ആലോചിക്കേണ്ട കാര്യങ്ങളാണ്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ സംസാരിക്കണമെന്ന് കരുതുന്നില്ല. മഹാകവി ഒ.എൻ.വി. കുറുപ്പ് 'ശാർങ്ഗകപ്പക്ഷികൾ' എന്ന കവിതയിൽ ഇങ്ങനെ പാടിയിട്ടുണ്ട്.

ഇന്നേതു ഖാണ്ഡവ-

ത്തിൻ മടിത്തട്ടിലോ

വന്നകപ്പെട്ടു നാം

ശാർങ്ഗകപ്പക്ഷികൾ!

അഗ്നിയിൽ നിന്നുമീ-

യാരണ്യകത്തിനെ

രക്ഷിക്കുവാൻ മാരി-

പെയ്യിക്കുവാനൊരാൾ!

മാരി പെയ്താലോ,

പ്രതിരോധമായ് ശര-

മാരി പെയ്യിക്കുവാൻ

ഗാണ്ഡീവധാരിയായ്

തറ്റുടുത്തങ്ങനെ

മറ്റൊരാൾ!- ഇങ്ങക

പ്പെട്ടൊരു ശാർങ്ഗക-

പ്പക്ഷികളാണു നാം!

അദ്ദേഹത്തിന്റെ മനോഹരങ്ങളായ കാവ്യങ്ങളെല്ലാം തന്നെ സമൂഹത്തിന്റെ വ്യത്യസ്തതകളെ പ്രതിപാദിക്കുന്നതും അതിനെ സ്പർശിക്കുന്നതുമാണ്.

പന്തിരുകുലം പെറ്റ പറയിക്കുമമ്മ നീ

എണ്ണിയാൽ തീരാത്ത

തങ്ങളിലിണങ്ങാത്ത

സന്തതികളെ നൊന്തു പെറ്റു!

ഒന്നു മറ്റൊന്നിനെ കൊന്നുതിന്നുന്നത്

കണ്ണാലെ കണ്ടിട്ടുമൊരുവരും കാണാതെ

കണ്ണീരൊഴുക്കി നീ നിന്നു !

പിന്നെ നിന്നെത്തന്നെയല്പാല്പമായ്ത്തിന്നു-

തിന്നവർ തിമിർക്കവേ ഏതും വിലക്കാതെ-

നിന്നും നീ സർവം സഹയായ്! എന്ന് ഒ. എൻ. വി. കുറുപ്പ് പാടിയത്

ഇന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളെ കൂടി മനസ്സിൽ കണ്ടുകൊണ്ടാണോയെന്ന് തോന്നിപ്പോയി.

'മൃതമീയബന്ധം!

ഇതിൻ ജഡത്തെ കുളിപ്പിക്ക

മിഴികൾ ചൊരിയുന്ന

പനിനീരിനാൽ, നെഞ്ചിൽ

ഉരുകും സ്നേഹത്താലേ

സേചനം ചെയ്ക തുണ്ടു-

വിറകോരോന്നും - ഇനി-

യൊരുക്കാമിതിൻ ചിത

എന്നും ഒ. എൻ. വി. കുറുപ്പ് പാടിവച്ചിട്ടുണ്ട്. അതുപോലെ ഇവിടെ പരാമർശിച്ച പല കാര്യങ്ങളും നല്ല മനുഷ്യബന്ധങ്ങളും നല്ല സമൂഹവും നല്ല ജീവിതവും പ്രകൃതിയും മനുഷ്യനുമായിട്ടുള്ള ബന്ധത്തെക്കുറിച്ച് ഇതുപോലെ പാടിയിട്ടുള്ള ഒരു കവിയില്ല. ഈ സന്ദർഭം ഞാൻ അദ്ദേഹത്തിന്റെ സ്മരണയ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കാനുള്ള ഒരു സന്ദർഭം കൂടിയായി ഉപയോഗിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 'ലോകത്തെവിടെയും എനിക്കൊരു വീടുണ്ട് ' എന്നും

പാടിയിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട ചെയർ ഇതുപോലുള്ള വിഷയങ്ങളിൽ വളരെ താൽപ്പര്യമുള്ള ആളാണെന്നും ഒന്നാന്തരം കവിതകൾ എന്നെക്കാൾ നന്നായി ചൊല്ലുമെന്നും എനിക്കറിയാം. അങ്ങേയ്ക്കിപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലം അതിന് അനുയോജ്യമല്ലാത്തതുകൊണ്ടായിരിക്കാം ഇങ്ങനെ ഇരിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്.

മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന

സുസ്നേഹമൂർത്തിയാം സൂര്യ!

വറ്റാത്ത നിറവാർന്ന നിൻ തപ്തദീപ്തമാം

അക്ഷയപാത്രത്തിൽ നിന്നുറന്നൊഴുകുന്നൊ-

രിത്തിരിചുടുപാൽ വെളിച്ചം കുടിച്ചിവിടെ

ഇച്ചെറിയ വട്ടത്തിലിക്കൊച്ചു ഭൂമിയിൽ

ജീവന്റെയുന്മത്ത നൃത്തം! എന്നും ഈ കവി പാടിയിട്ടുണ്ട്. 'ഭൂമിക്കൊരു ചരമഗീതം' പോലുള്ള ഒരു കാവ്യം അതിനുശേഷം വല്ലപ്പോഴുമുണ്ടായിട്ടുണ്ടോ; ഇനി ഉണ്ടാകുമോ?

'നീ, യെന്റെ രസനയിൽ വയമ്പും നറും തേനു-

മായ് വെന്നൊരാദ്യാനുഭൂതി!

നീ, യെന്റെ തിരികെടും നേരത്തു തീർത്ഥകണ-

മായലിയുമന്ത്യാനുഭൂതി

നിന്നിൽ കുരുക്കുന്ന കറുകയുടെ നിറുകയിലെ

മഞ്ഞുനീർത്തുള്ളിയിൽപ്പോലും

ഒരു കുഞ്ഞുസൂര്യനുണ്ടതു കണ്ടുദിച്ചിതെൻ

കരളിലൊരു വിസ്മയവിഭാതം!

നിന്റെ തരുനിരകളുടെ തണലുകളിൽ മേഞ്ഞുപോ-

യെന്നുമെൻ കാമമാം ധേനു.

നിന്റെ കടലിൻമീതെ ഏതോ പ്രവാചകർ

വന്നുപോൽ കാറ്റുകൾ നടന്നു.

ആയിരമുണ്ണിക്കനികൾക്കു തൊട്ടിലും

താരാട്ടുമായ് നീ ഉണർന്നിരിക്കുന്നതും,

ആലിലത്തുമ്പത്തിരുന്നു തുള്ളുന്നതും,

ആയിരം പുഴകളുടെയോളങ്ങളായെന്റെ

ആത്മഹർഷങ്ങൾക്കു താളം പിടിപ്പതും

അറിയുന്നു ഞാൻ '....... എന്നു തുടങ്ങിയ അദ്ദേഹത്തിന്റെ വരികൾ ഏതോ ഒരു പുതിയ ലോകത്തിലേയ്ക്ക് കൊണ്ടുപോകുന്ന ഒരനുഭൂതിയാണ് നമുക്കുണ്ടാക്കുന്നത്. ആധുനിക ലോകത്ത് നടക്കുന്ന യുദ്ധങ്ങളെയും സംഘർഷങ്ങളെയും മനസ്സിൽ കണ്ടുകൊണ്ട് ഒ.എൻ.വി. കുറുപ്പ് മഹാഭാരത യുദ്ധത്തിന്റെ പ്രതീകാത്മകമായ വരികൾ എഴുതിയിട്ടുണ്ട്.

'പുത്രരെയെല്ലാം കൊല്ലിച്ച യുദ്ധത്തിന്റെ ദു:ഖസാക്ഷിയായിന്നും

ഗാന്ധാരി കരയുന്നു

സൂര്യനു പിറന്നതൻ കടിഞ്ഞൂൽ പുത്രനായി

ഏതോ സൂതന്റെ കരിക്കാടി കുടിച്ചു വളർന്നതും

മാനത്തു സൂര്യൻപോലെ പോർനിലത്തവൻ അഭിമാനിയായി ജ്വലിച്ചതും

അനുജനെയ്തോരസ്ത്രമാരിയിലവൻ ധീരമസ്തമിച്ചതും

ജയമാരുടേതെന്നോതുവാനാർക്കാർക്കുമാവാഞ്ഞതും

രാജമാതാവാം കുന്തി ഓർമ്മതൻ ഇഴപേർത്തൊരായിരം

മാതാക്കളിലൂടെ ഇന്നും കരയുന്നു

അകലെ ഗ്രാമങ്ങളിൽ നൂറു കുരകൾക്കുള്ളിൽ

അപമാനിതയായ പാഞ്ചാലി കരയുന്നു

വലിയോരുടെ മതമൽസര പത്മവ്യൂഹവലയം തന്നിൽ

രക്തസാക്ഷിയാം തന്നുണ്ണിയെ  വിളിച്ച്

മാറത്തലച്ചാർക്കുന്നു സുഭദ്ര

ദുർവിധി വൈധവ്യം ചേർത്തൊരുത്തര മൂർച്ഛിക്കുന്നു

വെട്ടുക മുറിക്കുക പങ്കുവയ്ക്കുക

ഗ്രാമം പട്ടണം ജനപഥമൊക്കെയും

കൊന്നും തിന്നും വാഴുക പുലികളായ് സിംഹങ്ങളായും

മർത്യരാവുക മാത്രംവയ്യ

ജന്തുക ജയിക്കുന്നു -

എന്ത് മനോഹരമായ വരികളാണ്. ഈ വരികളെല്ലാം വാസ്തവത്തിൽ മഹാഭാരത യുദ്ധത്തെക്കുറിച്ചാണെങ്കിലും ഇന്ന് ലോകത്ത് നടക്കുന്ന സംഘർഷങ്ങളെ അത് പ്രതിനിധാനം ചെയ്യുന്നുവെന്ന് കാണാതിരിക്കാൻ വയ്യ. ഞാൻ  കവിത കൂടുതൽ ചൊല്ലിയത്,  ചെയറിനെ (ശ്രീ. പാലോട് രവി)  വീഴ്ത്താൻ അത് മാത്രമേ മാർഗ്ഗമുള്ളൂ എന്നുള്ളതുകൊണ്ടാണ്. ഫൈനൽ സപ്ലിമെന്ററി ഡിമാന്റിനെ ഞാൻ

ആത്മാർത്ഥമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, നമ്മുടെ സംസ്ഥാനം നിയമസഭാ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുന്നതിന് മുന്നോടിയായിട്ടുള്ള അവസാനത്തെ സമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ രണ്ട് പ്രധാനപ്പെട്ട ചർച്ചകളിൽ പങ്കെടുക്കാതെ മാറി നിന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രമേയം അവതരിപ്പിച്ചുകൊണ്ടുള്ള ചർച്ചയിൽ പ്രതിപക്ഷം പങ്കെടുത്തില്ല. ഇപ്പോൾ ബഡ്ജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയിൽ നിന്നും പ്രതിപക്ഷം വിട്ടുനിൽക്കുന്നു. ജനാധിപത്യത്തിന്റെ പരമോന്നത വേദിയായ നിയമസഭയിൽ സർക്കാരിനെ ക്രിയാത്മകമായി വിമർശിക്കാൻ ലഭിക്കുന്ന സുവർണ്ണാവസരം പ്രതിപക്ഷം പാഴാക്കുന്നത് എന്തുകൊണ്ടാണ്? അവർക്ക് ഈ സർക്കാരിനെതിരെ എന്തെങ്കിലും പറയാനുണ്ടോ? ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ ഏതെങ്കിലും കാര്യമാത്ര പ്രസക്തമായ പോരായ്മകൾ ചൂണ്ടിക്കാട്ടാനോ തിരുത്തലുകൾ വരുത്താനോ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനോ കേരളത്തിലെ പ്രതിപക്ഷത്തിന് സാധ്യമല്ല. ഈ ബഡ്ജറ്റ് അവതരണത്തിനുശേഷം, അതിനെ പഠിച്ച് അപഗ്രഥിച്ച് അതിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി തെറ്റുകൾ തിരുത്താനും, ക്രിയാത്മകമായ നിർദ്ദേശങ്ങൾ

മുന്നോട്ടുവയ്ക്കാനും, ഈ സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തി സംസാരിക്കാനും പ്രതിപക്ഷത്തിന് കഴിയാത്തതുകൊണ്ടുള്ള ഒളിച്ചോട്ടമാണ് സത്യത്തിൽ ഈ ചർച്ചകളിൽ പ്രതിപക്ഷം നടത്തിയിരിക്കുന്നത്. അവർക്കിവിടെ പറയാനുള്ള കാര്യങ്ങൾ കേവലം ആവർത്തന വിരസമാണെന്ന് നമുക്കറിയാം. 2011 മുതൽ കേട്ടുകൊണ്ടിരിക്കുന്ന ആക്ഷേപങ്ങളാണ്. അത് പലതും മുന പോയതാണ്, മുള്ളൊടിഞ്ഞതാണ്. അത് ജനങ്ങളുടെ മുമ്പിൽ വിലപോകാത്തതാണ്, ജനകീയ കോടതിയിൽ പലപ്പോഴും ചർച്ച ചെയ്ത് തള്ളിയ കേസ്സുകളാണ് വീണ്ടും ഇവിടെ ആവർത്തിച്ച് കൊണ്ടുവരുന്നത്. ഇവിടെ പറഞ്ഞ പല ആക്ഷേപങ്ങളുടെയും പ്രഭവ കേന്ദ്രമായിട്ടുള്ള വ്യക്തികൾ ഇപ്പോൾ അപ്പുറത്തേയ്ക്ക് മാറിയിരിക്കുമ്പോൾ അവരെ ഇരുത്തിക്കൊണ്ടാണ് ഈ ആക്ഷേപങ്ങൾ അവർ ആവർത്തിക്കുന്നത്. അഴിമതി കേസിൽ സുപ്രീംകോടതി വരെ പോരാടി ഒരു മുൻ മന്ത്രിയെ ജയിലിൽ അടച്ചുവെന്നാണ് പ്രതിപക്ഷ നേതാവിന്റെ ഏറ്റവും വലിയ അവകാശവാദമെങ്കിൽ, അങ്ങനെ ജയിലിൽ അടയ്ക്കപ്പെട്ട വ്യക്തിയെ ഐക്യ ജനാധിപത്യ മുന്നണി വേണ്ട രൂപത്തിൽ തൃപ്തിപ്പെടുത്തിയില്ലായെന്നതിന്റെ പേരിൽ അദ്ദേഹം ഈ മുന്നണി വിട്ടപ്പോൾ, ആ വ്യക്തിയെ സ്വീകരിക്കാൻ ഇടതുപക്ഷ മുന്നണിയിൽ അപേക്ഷ കൊടുത്ത്, അത് അനുകൂലമായി പരിഗണിക്കപ്പെടുമെന്ന വിശ്വാസത്തിൽ

കാത്തുനിൽക്കുകയാണ്. അഴിമതിയെക്കുറിച്ച് പ്രതിപക്ഷം ഉന്നയിക്കുന്ന കാര്യങ്ങളിൽ ആത്മാർത്ഥയുടെ ചെറിയൊരു അംശമെങ്കിലും ഉണ്ടെങ്കിൽ ആരാണ് അഴിമതിക്കാരെന്ന് അവർക്ക് പരിശോധിക്കാൻ സാധിക്കും. കേരളത്തിലെ മുഖ്യമന്ത്രിയെ ചൂണ്ടി ഒരാൾക്കും വിശ്വസനീയമായ ആക്ഷേപം ഉന്നയിക്കാൻ കഴിയില്ല. അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ ആവർത്തിക്കാൻ മാത്രമേ കഴിയൂ എന്നുള്ളതുകൊണ്ടാണ് പ്രതിപക്ഷ നേതൃനിര ഇന്നും സഭവിട്ടുപോയി ഈ ചർച്ചകളിൽ നിന്നും മാറി നിൽക്കുന്നത്. ഈ സർക്കാരിന്റെ നയ സമീപനങ്ങൾ എന്താണെന്നുള്ളത് പലവട്ടം ഭരണകക്ഷിയുടെ ഭാഗത്തുനിന്ന് സംസാരിച്ചിട്ടുണ്ട്. വികസനവും കരുതലും ഒരു പക്ഷേ കേരളത്തിൽ മുഴങ്ങിക്കേട്ടതും നടപ്പിലാക്കിയതുമായ മുദ്രാവാക്യമാണ്. ഭരണകക്ഷിയിൽപ്പെട്ട ആളുകൾ മാത്രമല്ല, പ്രതിപക്ഷത്തിലെ ആളുകളും സ്വകാര്യ സംഭാഷണങ്ങളിൽ, യാത്രകളിൽ അല്ലെങ്കിൽ ക്യാന്റീനിലെ ചർച്ചകളിൽ സംതൃപ്തിയോടുകൂടി നടപ്പിലാക്കിയെന്ന് സമ്മതിക്കുന്നുണ്ട്. അവരുടെ നിയോജക മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളിലും ക്ഷേമ പ്രവർത്തനങ്ങളിലും അവരും സംതൃപ്തരാണ്. മുഖ്യമന്ത്രിയുടെ അടുത്തും മന്ത്രിമാരുടെ അടുത്തും അവർ സമർപ്പിക്കുന്ന അപേക്ഷകൾക്കും, ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നുവെന്ന

ധാരണയാണ് അവരുടെ മനസ്സിലുള്ളത്. ശ്രീ. എ. കെ. ആന്റണി കേരളത്തിൽ മൂന്നു തവണ മുഖ്യമന്ത്രിയായിരുന്നപ്പോഴുണ്ടായ വികസനത്തേക്കാൾ കൂടുതൽ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിച്ച ഒരു ഗവൺമെന്റാണ് ഇന്നത്തെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് എന്നാണ് അദ്ദേഹം ശംഖുമുഖത്തുവച്ച് നടന്ന യോഗത്തിൽ നൽകിയ സർട്ടിഫിക്കറ്റ്. 72 ആളുകളുടെ മാത്രം പിൻബലത്തിൽ വന്ന, 72 പേരുടെ പിന്തുണ ഇപ്പോഴും നിലനിർത്തുന്ന, ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന ശ്രീ. എ. കെ. ആന്റണിയുടെ സർട്ടിഫിക്കറ്റ് കേരളത്തിലെ ജനങ്ങൾ എൻഡോഴ്സ് ചെയ്യുന്ന സർട്ടിഫിക്കറ്റാ ണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പല പ്രശ്നങ്ങളെയും കൈകാര്യം ചെയ്തു. കേരളത്തിലെ റബ്ബറിന്റെ വിലയിടിവിനെക്കുറിച്ച് നമുക്കറിയാം. അത് കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ട്. കൃഷിക്കാരെ സാരമായി ബാധിച്ചു, റബ്ബർ ടാപ്പിംഗ് തൊഴിലാളികളെയും, ചെറുകിട വ്യാപാരികളെയും ബാധിച്ചു, ഗവൺമെന്റിന്റെ നികുതി വരുമാനത്തെ സാരമായി ബാധിച്ചു. അങ്ങനെയുള്ള വലിയ പ്രതിസന്ധിയിൽ നിന്ന് കേരളം എങ്ങനെ കരകയറണമെന്ന് ആലോചിച്ച ഗവൺമെന്റാണിത്. കഴിഞ്ഞ ബഡ്ജറ്റിൽ മുന്നൂറ് കോടി രൂപ വകയിരുത്തി അതിലാവശ്യമായ സംഖ്യ ചെലവു ചെയ്തു. അതിൽ പോരായ്മകളുണ്ടാകാം. ഇവിടെ

ശ്രീ. മോൻസ് ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ കാലതാമസത്തിന്റെ പ്രശ്നങ്ങളുമുണ്ടാകാം. എന്നാലത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഈ ബഡ്ജറ്റിൽ റബ്ബർ കർഷകരെ സഹായിക്കാനുള്ള സംഖ്യ 500 കോടി രൂപയായി വർദ്ധിപ്പിക്കുകയും, ആശ്വാസ നടപടികൾ കാലതാമസമില്ലാതെ നടപ്പിലാക്കാനുള്ള ആവശ്യമായ ഇടപെടലുകൾ നടത്തുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. അതിനെ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. ഇനിയും കേന്ദ്രത്തിൽ അക്കാര്യത്തിനാവശ്യമായ സമ്മർദ്ദം വേണം. കേന്ദ്രത്തിലെ വിലസ്ഥിരതാ ഫണ്ടിൽ ആയിരത്തിലധികം കോടി രൂപയുണ്ട്. അതിൽനിന്ന് കേരളത്തിലെ കൃഷിക്കാർക്കാവശ്യമായ സഹായം ലഭ്യമാക്കാനുള്ള നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കണം. കേരളത്തിന്റെ മേൽ വലിയ ഇടിത്തീപോലെ വന്ന ഒരു പ്രശ്നമാണ് കസ്തൂരി രംഗൻ പ്രശ്നം. ആ പ്രശ്നത്തെ കേരള സർക്കാർ എങ്ങനെ കൈകാര്യം ചെയ്തു. കഴിഞ്ഞ ആഴ്ചയിലും ഒരു വാർത്ത വന്നു. ഡൽഹിയിൽ ആ ചർച്ചയ്ക്ക് പോയ മുതിർന്ന ഉദ്യോഗസ്ഥനായ വനം വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുമായും ഉമ്മൻ വി. ഉമ്മൻ

കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. ഉമ്മനുമായും സംസാരിച്ചപ്പോൾ ആ വാർത്ത അടിസ്ഥാന രഹിതമാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. നേരിട്ടുള്ള ചർച്ചയിൽ മുഖ്യമന്ത്രിയും വനം - പരിസ്ഥിതി വകുപ്പുമന്ത്രിയും അതിനെ സംബന്ധിച്ച കാര്യങ്ങൾ ആശങ്കാരഹിതമാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്. കസ്തൂരി രംഗൻ റിപ്പോർട്ട് സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2015 സെപ്റ്റംബർ 4-ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവാണ് ഏറ്റവും അവസാനത്തെ ഉത്തരവ്. ആദ്യത്തെ കരട് വിജ്ഞാപനത്തിനെതിരെ ആക്ഷേപങ്ങൾ സമർപ്പിക്കാൻ ആറ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് അവസരം നൽകിയിട്ട് കേരളം മാത്രമാണ് ഈ വിഷയം പഠിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ച തെന്ന് ആ ഉത്തരവിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. കേരള സംസ്ഥാനം ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ ഇതിനായി നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കേരളം വാങ്ങി. ആ റിപ്പോർട്ട് മാത്രം പോര, സംസ്ഥാന തലത്തിൽ ഓരോ വില്ലേജിലും

പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി കൃഷി ആഫീസർ, വില്ലേജ് ആഫീസർ തുടങ്ങിയ ആളുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമതലത്തിൽ കമ്മിറ്റി രൂപീകരിച്ച് കാർഷിക ഭൂമിയേയും ജനവാസ കേന്ദ്രങ്ങളെയും പരിസ്ഥിതി പ്രാധാന്യ ഇ.എസ്.എ. യിൽനിന്ന് ഒഴിവാക്കുന്നതിനാവശ്യമായ ഭൂപടം തയ്യാറാക്കി അത് കേന്ദ്രത്തിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2015 സെപ്റ്റംബർ 4-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുള്ള ഏറ്റവും അവസാനത്തെ വിജ്ഞാപനത്തിൽ കേരളത്തിന്റെ കാര്യം നാല് സ്ഥലത്ത് എടുത്ത് പറഞ്ഞിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങൾക്ക് ബാധകമാണ്. അത് വായിച്ചാൽ മനസ്സിലാകും, Except for the state of Kerala എന്ന് പല സ്ഥലത്തും ആവർത്തിച്ച് പറഞ്ഞിരിക്കുകയാണ്. കേരളം നടത്തിയ ഹാർഡ് വർക്കിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകാരം നൽകിക്കൊണ്ട് കേരളത്തിലെ കൃഷിക്കാരുടെ ജനവാസ കേന്ദ്രങ്ങളെയും കൃഷി സ്ഥലങ്ങളെയും പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങളിൽനിന്ന് ഒഴിവാക്കണമെന്ന കേരളത്തിന്റെ

ന്യായയുക്തമായ ആവശ്യം അംഗീകരിപ്പിക്കാൻ ഈ സർക്കാരിന് സാധിച്ചിരിക്കുന്നു. ഈ സർക്കാരിന്റെ മുമ്പിൽ ഏത് പ്രശ്നം വന്നാലും ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുന്ന, ക്രിയാത്മകമായി എല്ലാവരുടെയും അഭിപ്രായങ്ങൾ കേൾക്കുന്ന ഒരു സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റിൽ തന്നെ കാർഷിക മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകിയിരിക്കുകയാണ്. കൃഷി നമ്മുടെ നിലനിൽപ്പിന്റെ ഏറ്റവും അടിസ്ഥാന ഘടകമാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ് ജൈവകൃഷിക്ക് പ്രോത്സാഹനം നൽകുന്നതുൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടത്തിയിരിക്കുന്നത്.

കൃഷിയുമായി ബന്ധപ്പെട്ട അനുബന്ധ മേഖലയാണ് ക്ഷീര വികസനം. ക്ഷീര വികസനത്തിനും ഗ്രാമവികസനത്തിനും മലയോര വികസനത്തിനും ഏറെ പ്രാധാന്യം നൽകിയിട്ടുള്ള ഒരു ബഡ്ജറ്റാണ് മുഖ്യമന്ത്രി ഈ സഭ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും അടിസ്ഥാന വർഗ്ഗമാണ് പട്ടികവർഗ്ഗം. ആ വർഗ്ഗത്തിൽപ്പെട്ട ആളുകൾ ഏറ്റവുമധികം

പുനരധിവസിപ്പിക്കപ്പെട്ട ആറളം ആദിവാസി മേഖല എന്റെ നിയോജകമണ്ഡലത്തിലാണ്. പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ക്ഷേമത്തെ ലക്ഷ്യം വച്ചുകൊണ്ട് അവിടത്തെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുവേണ്ടി കുട്ടികൾക്കാവശ്യമായ പ്രോത്സാഹനം, ആ മേഖലയിലെ ദാരിദ്ര്യ നിർമ്മാർജ്ജനം, (ഇത് ഏതെങ്കിലുമൊരു പ്രദേശത്ത് മാത്രം ഒതുങ്ങുന്നതല്ല) ഭവന രഹിതരായിട്ടുള്ള ആളുകൾക്ക് വീട് വച്ച് നൽകുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ ഉൾപ്പെടെയുള്ള പട്ടിക വർഗ്ഗ മേഖലയുടെ സമഗ്ര വികസനത്തിന് കൂടുതൽ ഊന്നൽ നൽകുന്ന നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

വന്യമൃഗ സംരക്ഷണത്തെ സംബന്ധിച്ച് ഈ ബഡ്ജറ്റിൽ നിർദ്ദേശങ്ങളുണ്ട്. പക്ഷേ ഒരു കാര്യം ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇന്ന് കേരളത്തിൽ വളരെ രൂക്ഷമായി അനുഭവപ്പെടുന്ന ഒരു പ്രശ്നമാണ് Man animal conflict. എന്റെ നിയോജക മണ്ഡലത്തിൽ 8 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയുമുള്ളതിൽ അഞ്ച് പഞ്ചായത്തുകളും

വനാതിർത്തി പങ്കിടുന്ന പ്രദേശമാണ്. ആറളത്തെയും കൊട്ടിയൂരിലെയും രണ്ട് വന്യമൃഗ സങ്കേതങ്ങളിൽ നിന്ന് വന്യജീവികളുടെ ഉപദ്രവം മനുഷ്യർ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നു. കൃഷിക്കും മനുഷ്യ ജീവനും വന്യജീവി ആക്രമണം വലിയ ഭീഷണിയായി നിൽക്കുമ്പോൾ അത് തടയാനാവശ്യമായ സാമ്പത്തിക വകയിരുത്തൽ ഈ ബഡ്ജറ്റിൽ ഇല്ലായെന്നുള്ളത് ഒരു പോരായ്മയായി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വനംവകുപ്പ് മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരിക യാണ്. ഒരു പാരഗ്രാഫിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും അതിന് കാര്യമായ തുക നീക്കിവച്ചിട്ടില്ല. മറ്റ് കാര്യമാത്ര പ്രസക്തമായ നിർദ്ദേശങ്ങളോ ഭേദഗതികളോ എനിക്ക് മുന്നോട്ട് വയ്ക്കാനില്ല. ജനങ്ങൾ സ്വീകരിക്കുന്ന ഒരു ബഡ്ജറ്റാണെന്ന കാര്യത്തിൽ സംശയമില്ല. ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാക്കി ജനങ്ങളുടെ കോടതിയിലേയ്ക്ക് പോകുകയാണ്. നിയമ കോടതിയിൽ ഈ സർക്കാർ നിരപരാധിത്വം തെളിയിച്ചിട്ടുണ്ട്. സർക്കാരിനെതിരെ ഉയർന്നുവന്ന എല്ലാ നിയമ പ്രശ്നങ്ങൾക്കും തലനാരിഴ കീറി പ്രതിപക്ഷം ഉന്നയിച്ച എല്ലാ

ആക്ഷേപങ്ങൾക്കും നിയമ കോടതിയിൽ മറുപടി പറയാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ ക്രിയാത്മക പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങളുടെ കോടതി വിധിയിൽ അനുകൂലമായ പ്രഖ്യാപനമുണ്ടാകുമെന്ന വിശ്വാസത്തോടെ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത മെമ്പർമാരെ ഞാൻ അഭിനന്ദിക്കുന്നു. ഈ ചർച്ചയിൽ പ്രതിപക്ഷം ഇല്ലാതെപോയതിൽ പ്രയാസമുണ്ട്. ഈ ഗവൺമെന്റിനെതിരെ, എനിക്കും ചില മന്ത്രിമാർക്കും എതിരെ, അതിരൂക്ഷമായ വിമർശനങ്ങളും ആക്ഷേപങ്ങളും ആരോപണങ്ങളുമാണ് അവർ ഉന്നയിക്കുന്നത്. അതൊക്കെ അവതരിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല **ഫോറം** അസംബ്ലിയല്ലേ; ഏറ്റവും നല്ല അവസരം ധനകാര്യ ചർച്ചയിൽ അല്ലേ; അതിന് തയ്യാറാകാതെ, അവരുടെ

പിൻമാറ്റം യഥാർത്ഥത്തിൽ ഒരു ഒളിച്ചോട്ടമാണ്. ഈ ഗവൺമെന്റിനെതിരായി അവർക്ക് പറയാനുള്ള കാര്യങ്ങൾ പറയാൻ, അതിരൂക്ഷമായ വിമർശനം നടത്താൻ കിട്ടുന്ന അവസരം അവർ പാഴാക്കുന്നത് എന്തുകൊണ്ടാണ്; അവർക്കൊന്നും പറയാനില്ല. അവർ ആക്ഷേപങ്ങൾ ഉന്നയിക്കുന്നുവെന്നല്ലാതെ അതിനെ കാര്യകാരണ സഹിതം ബോദ്ധ്യപ്പെടുത്താനോ അതിനനുബന്ധമായ കാര്യങ്ങൾ ഉന്നയിക്കാനോ അവർക്ക് സാധിച്ചിട്ടില്ല. അവർ എന്തെങ്കിലും പറയും, അത് മാധ്യമങ്ങളിൽ സ്ഥാനം പിടിക്കും, ആ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻവേണ്ടി മാത്രമാണ് അവർ പറയുന്നത്. ഇവിടെ എത്രയോ പ്രാവശ്യം ഒരേ പ്രശ്നങ്ങൾ ആവർത്തിച്ചാവർത്തിച്ച് ചർച്ച ചെയ്തു. ചർച്ചയിൽ അവർക്ക് പറയാനുള്ളതെല്ലാം പറയും. മറുപടി കേൾക്കാൻ അവർ തയ്യാറല്ല. അതല്ലേ ഇവിടെ കണ്ടത്. ഇതാണോ സഹിഷ്ണുത; ഇതാണോ ജനാധിപത്യ മര്യാദ? ഒരു പരിധിയും പരിമിതിയുമില്ലാതെ അവർ പറയുന്നതെല്ലാം തികഞ്ഞ ശാന്തതയോടെ ഇരുന്ന് കേൾക്കും. കാരണം അധികാരത്തിലിരിക്കുന്നവർ

സഹിഷ്ണത കാട്ടണം. പ്രതിഷേധിക്കാൻ അവർക്ക് അവകാശമുണ്ട്. ഞങ്ങൾ അത് പൂർണ്ണമായും ഉൾക്കൊള്ളുന്നു. പക്ഷേ അവർ മറുപടി കേൾക്കണ്ടേ; ആ മറുപടി കേട്ടിട്ട് അവർ അതിനൊരു മറുപടി പറയാൻ തയ്യാറായാൽ നമുക്കത് അംഗീകരിക്കാം. ഇവിടെ എന്തെങ്കിലും പറഞ്ഞാൽ അതിന് മറുപടി കേൾക്കാൻ അവരില്ല. ചർച്ചയ്ക്കുള്ള അവസരം വരുമ്പോൾ അതിലില്ല. ഇതാണ് ശരിയായ ഒളിച്ചോട്ടം.

ബഡ്ജറ്റ് ചോർന്നു എന്നുപറഞ്ഞു. ഒരു ബഡ്ജറ്റ് ചോർന്നാൽ അതൊരു വലിയ സംഭവമല്ലേ; അത് എപ്പോൾ ഏത് ഫോറത്തിലാണ് പറയേണ്ടത്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ഈ സഭയിൽ പറയണ്ടേ? ബഡ്ജറ്റ് ചോർന്നിട്ടില്ലെന്ന് ഞാൻ പറയുന്നു. പക്ഷേ ബഡ്ജറ്റ് ചോർന്നുവെന്ന് അവകാശപ്പെടുന്ന പ്രതിപക്ഷം അക്കാര്യം പറയേണ്ടത് ഈ സഭയിലായിരുന്നു. ഇവിടെ വലിയ ബഹളവും ഒച്ചപ്പാടുമൊക്കെയുണ്ടാക്കി ഒരു കടലാസും പൊക്കിപ്പിടിച്ചുകൊണ്ട് ഇതുവഴി അങ്ങോട്ടുമിങ്ങോട്ടുമൊക്കെ പോകുന്നത് കണ്ടു.

എന്താണെന്നും ഏതാണെന്നുമൊന്നും ആർക്കും മനസ്സിലായില്ല. പിന്നീടാണ് അറിഞ്ഞത് ബഡ്ജറ്റ് ചോർച്ചയുടെ കാര്യമാണ് പറയുന്നതെന്ന്. ബഡ്ജറ്റ് ചോർച്ചയെക്കുറിച്ച് ഈ ചോദ്യം ഉന്നയിക്കുന്നവർ വിശ്വസിച്ചെങ്കിൽ അവർ ഈ സഭയിലായിരുന്നു പറയേണ്ടിയിരുന്നത്. അവർക്കുപോലും വിശ്വാസമില്ല. ഒരു പുകമറ സൃഷ്ടിക്കാൻ വേണ്ടി അതിനവർ ബഹളമുണ്ടാക്കി.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

1991-ൽ ഞാൻ ധനകാര്യമന്ത്രിയായിരുന്നപ്പോൾ ആദ്യമായി അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് ഞാൻ ഇന്നും ഓർക്കുന്നു. അന്ന് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് അരമണിക്കൂറിലധികം സമയം എനിക്ക് കാത്തിരിക്കേണ്ടി വന്നു. കാരണം പ്രതിപക്ഷത്തുനിന്നും വർക്കല രാധാകൃഷ്ണൻ ഒരു സാങ്കേതിക നിയമപ്രശ്നം ഉന്നയിച്ചു. ആ നിയമസഭാ സമ്മേളനത്തിൽ അന്നേദിവസം ബഡ്ജറ്റിന്റെ വായന മാറ്റിവച്ചുകൊണ്ട് അതിന്റെ മറുപടിയും മറുപടിക്കുള്ള മറുപടിയുമൊക്കെയായി അരമണിക്കൂറിലധികം സമയം ചർച്ച നടന്നു. അതല്ലേ ജനാധിപത്യം; പ്രതിപക്ഷത്തുനിന്ന് ഒരു സാങ്കേതിക പ്രശ്നം ഉന്നയിക്കുമ്പോൾ ഞങ്ങൾക്കൊന്നും കേൾക്കണ്ട, ബഡ്ജറ്റ് അവതരിപ്പിക്കുകയാണ് എന്ന് ഞങ്ങൾ

പറഞ്ഞില്ല. ഞങ്ങൾ അതിന് മറുപടി പറഞ്ഞു. ആ മറുപടി കൊണ്ടും വർക്കല രാധാകൃഷ്ണന് തൃപ്തിയായില്ല. അങ്ങോട്ടുമിങ്ങോട്ടും അരമണിക്കൂറിലേറെ നടന്ന ചർച്ചയ്ക്ക് ശേഷമാണ് സ്പീക്കർ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ എന്നെ അനുവദിക്കുന്നത്. ബഡ്ജറ്റ് ചോർന്നിട്ട് അതുപോലും ഈ സഭാതലത്തിൽ ഉന്നയിച്ച് അതിന്റെ ഗൗരവം ഉൾക്കൊള്ളാൻ സാധിച്ചില്ലെന്നു പറഞ്ഞാലെന്താണ്? ഇത് ആളുകളെ കബളിപ്പിക്കലാണ്. ഇവിടെ ബഡ്ജറ്റ് ചോർന്നിട്ടില്ല. ബഡ്ജറ്റ് ചോർച്ചയുമായി ഒരു ബന്ധവുമില്ലെന്ന് അവർക്കുപോലും അറിയാം. അതുകൊണ്ടാണ് ഇവിടെ പറയാതെ അവർ അത് ബഹളമാക്കിയത്. അതുസംബന്ധിച്ച് അങ്ങേയ്ക്ക് നല്കിയ നോട്ടീസ് എനിക്ക് തന്നതുകൊണ്ട് ഞാനത് ധനകാര്യവകുപ്പിനെക്കൊണ്ട് പരിശോധിപ്പിച്ചു. അത് സംബന്ധിച്ച ഡീറ്റെയിൽഡായിട്ടുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ ജനങ്ങളെ കബളിപ്പിക്കാൻവേണ്ടി കൂട്ടുനിന്നത് ആരാണ് എന്നറിയാൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തികച്ചും തെറ്റായിട്ടുള്ള കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിൽ കൊടുത്തിരിക്കുന്ന ഒരു ടേബിൾ 'Budget in brief' എന്ന പുസ്തകത്തിലെ ടേബിളാണെന്നാണ് അവകാശപ്പെട്ടിരിക്കുന്നത്. ആ ടേബിൾ എ-1 അല്ല. ഇതുസംബന്ധിച്ച് അന്വേഷണം നടക്കുകയാണ്. പ്രാഥമികമായി ഈ രേഖയുടെ

ഉറവിടം തിരിച്ചറിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം നല്കിയിരിക്കുന്ന രേഖയുടെ കണക്കുകൾ Medium Term Fiscal Policy and strategy statement (MTFP) എന്ന പുസ്തകത്തിലേതാണ്. MTFP എന്ന പുസ്തകത്തിലെ രേഖകൾ കൈക്കലാക്കി അതിൽ 'Budget at a glance' എന്ന തലക്കെട്ടോടുകൂടി ചേർത്ത് ബഡ്ജറ്റ് രേഖകളുടെ ഭാഗമാണെന്ന് വരുത്തി തീർത്ത രേഖകൾ ചോർന്നതായിട്ട് സ്ഥാപിക്കാൻ ഒരു വ്യക്തിയോ വ്യക്തികളോ ശ്രമിച്ചതായിട്ടാണ് അന്വേഷണത്തിന്റെ ഈ ഘട്ടത്തിൽ മനസ്സിലാകുന്നത്. അതിൽ സമർപ്പിച്ചിരിക്കുന്ന പട്ടിക MTFP-യിൽ ഉള്ളതോ 'Budget in brief-ൽ ഉള്ളതോ അല്ല. ഇതിനുപരിയായി ഈ രണ്ടു രേഖകളും ഭരണഘടന അനുശാസിക്കുന്ന പ്രകാരം നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിക്കാൻ ബാധ്യതപ്പെട്ട രേഖകളല്ലാത്തതിനാൽ ബഡ്ജറ്റ് രേഖകൾ ഒന്നും ചോർന്നിട്ടില്ല. ഇതാണ് യാഥാർത്ഥ്യം. ഒരു തെറ്റായ പ്രചാരണത്തിനുവേണ്ടി തങ്ങൾക്കുപോലും വിശ്വാസമില്ലാതെ, ഇവിടെ അവതരിപ്പിക്കാൻപോലും തന്റേടം കാട്ടാതെ ഒരു പ്രശ്നമുണ്ടാക്കി അതിൽനിന്ന് ഒളിച്ചോടുകയാണ് പ്രതിപക്ഷം. അത് ജനാധിപത്യമര്യാദയ്ക്ക് ചേർന്നതാണോയെന്ന് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് പ്രതിപക്ഷത്തിന്റെ പ്രതികരണംപോലും

തൃപ്തികരമാണ്. അവർ ചോദിച്ചത് ഇത് എങ്ങനെ നടപ്പിലാക്കും; ഇതിനുള്ള പണം എവിടെ നിന്നാണ് എന്നുമാത്രമാണ്. അവർ ചോദിച്ചിരിക്കുന്ന ചോദ്യം സ്വാഭാവികമാണ്. പുതിയ ധനാഗമ മാർഗ്ഗങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതിനുകാരണം ധനാഗമ മാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ടല്ല. കേരളം ഒരു തെരഞ്ഞെടുപ്പിലേക്ക് പോകുകയാണ്. ജനങ്ങൾ തെരഞ്ഞെടുക്കുന്ന പുതിയ ഒരു ഗവൺമെന്റാണ് അധികാരത്തിൽ വരുന്നത്. ആ ഗവൺമെന്റ് തീരുമാനിക്കട്ടെ, ഇത് 5 വർഷം പൂർത്തിയാകുന്ന ഗവൺമെന്റ് എന്നുള്ള നിലയിൽ കഴിഞ്ഞ 5 വർഷത്തെ നേട്ടങ്ങളിൽ വിജയകരമായ മുന്നേറ്റത്തിൽ അതിന്റേതായ കാര്യങ്ങൾ അണിനിരത്തിക്കൊണ്ട് ഭാവിയെക്കുറിച്ച് വ്യക്തതയോടുകൂടിയുള്ള ഒരു സമീപനമാണ് ഈ ബഡ്ജറ്റിൽ അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിലെ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ധനാഗമ മാർഗ്ഗങ്ങൾ പുതിയ ഗവൺമെന്റ് പരിശോധിക്കട്ടെ, പഠിക്കട്ടെ, അതിന് രൂപം കൊടുക്കട്ടെ. അതിനെന്താണ് മാർഗ്ഗം എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് ലക്ഷ്യബോധമില്ല, ഉത്തരവാദിത്വ ബോധമില്ലാതെ ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞത് തെറ്റാണ്. ഗവൺമെന്റിന്റെ കമ്മി എങ്ങനെ നികത്താൻ സാധിക്കും? ഈ ഗവൺമെന്റിന് വ്യക്തമായി ബോധ്യമുണ്ട്. എന്നാൽ അത് തീരുമാനിക്കേണ്ടത് അടുത്ത ഗവൺമെന്റായതുകൊണ്ട് ഞങ്ങൾ അതിലേയ്ക്ക്

കടന്നില്ല. ജി.എസ്.ടി നടപ്പിലാക്കിയാൽ നമുക്ക് കിട്ടുന്ന വരുമാനം വളരെ കൂടുതലാണ്. ജി.എസ്.ടി. സംബന്ധിച്ച് കേന്ദ്രത്തിൽ ഒരു തീരുമാനം അവസാനഘട്ടത്തിലേക്ക് വന്നിട്ടില്ല. ഏറ്റവും വേഗത്തിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആറുമാസം കഴിഞ്ഞ് ജി.എസ്.ടി. നടപ്പിലാക്കിയാലും അതിൽനിന്ന് കിട്ടുന്ന അധിക വരുമാനം കൊണ്ട് നമ്മുടേതായ സാമ്പത്തികമായ പരിമിതികൾ മറികടക്കാൻ സാധിക്കുമെന്ന് പൂർണ്ണ വിശ്വാസമുണ്ട്. ഒരു ഉത്തരവാദിത്വ ബോധവുമില്ലാതെ ഏതെങ്കിലും കാര്യങ്ങൾ വിളിച്ചു പറയുകയല്ല ചെയ്തിട്ടുള്ളത്. നാളെ ഇതുസംബന്ധിച്ച് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടി വന്നാൽ ഏറ്റെടുക്കുന്നത് എങ്ങനെയാണ് എന്നതിനെക്കുറിച്ച് വ്യക്തമായ ബോധ്യം ഉണ്ട്. അത് ഔദ്യോഗികമായി തീരുമാനിക്കുന്നത് തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ടാണ്. അപ്പോൾ ജി.എസ്.ടി. നമ്മുടെ മുന്നിലുള്ള ഏറ്റവും നല്ലൊരു സോഴ്സാണ്. രണ്ടാമത്തെ സാധ്യത എന്നു പറയുന്നത്, ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് എന്നതാണ്. എല്ലാ രംഗങ്ങളിലും ഏറ്റവും വേഗതയിൽ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കൊച്ചി മെട്രോ, കണ്ണൂർ എയർ പോർട്ട്, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, 400 ദിവസത്തിനുള്ളിൽ 100 പാലങ്ങൾ, നിരവധി മരാമത്ത് പണികൾ അങ്ങനെയെല്ലാം

വന്നുകൊണ്ടിരിക്കുകയാണ്. ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് മുമ്പൊരിക്കലും ഇല്ലാത്ത വിധത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് കൂടുമ്പോൾ സ്വാഭാവികമായി ടാക്സ് ഇൻകവും കൂടും. നമ്മുടെ ഇക്കണോമിക് ആക്റ്റിവിറ്റീസ് നമ്മളറിയാതെ തന്നെ വർദ്ധിക്കും. യാതൊരു സംശയവുമില്ല. നമ്മുടെ ടാക്സ് റവന്യൂ വർദ്ധിക്കും. ഇതിനുമപ്പുറത്ത് സംസ്ഥാനം കടക്കെണിയിലാണ്, വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നൊക്കെ പറയുന്നു. പക്ഷെ അതൊന്നും ശരിയല്ല. നമ്മളിന്നും സാമ്പത്തികമായി ഉറച്ച കാലിലാണ് നില്ക്കുന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്ന് വായ്പയെടുക്കാൻ അനുവദിച്ചിട്ടുള്ള പരിധിയിൽ 31,000/- കോടി രൂപകൂടി നമുക്ക് അനുവദനീയമായ വായ്പ ഇനിയും ബാക്കിയുണ്ട്. വളരെ സൂക്ഷിച്ച് ആവശ്യത്തിനനുസരിച്ച് കഴിയുന്നത്ര നമ്മുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കണമെന്നുള്ള ലക്ഷ്യബോധത്തോടുകൂടിയാണ് നമ്മൾ വായ്പ എടുക്കുന്നത്. ബഡ്ജറ്റ് അവതരിപ്പിച്ചതിൽ, ബഡ്ജറ്റിൽ മറ്റൊന്നിനെക്കുറിച്ചും പറയാനും വിമർശിക്കാനുമില്ലാത്തതിനാൽ ധനാഗമ മാർഗ്ഗങ്ങളില്ലെന്നും ഒരു ലക്ഷ്യവും ധാരണയുമില്ലാതെ അമിതമായ ഭാരം അടിച്ചേല്പിച്ചിരിക്കുകയാണ് എന്നും

പ്രതിപക്ഷം പറയുന്നുണ്ട്. പക്ഷേ അങ്ങനെയല്ല. നമ്മുടെ മുമ്പിൽ മൂന്ന് മാർഗ്ഗങ്ങളുണ്ട്. അതിൽ ഏത് മാർഗ്ഗത്തിലൂടെയും നമ്മുടെ ഇന്നത്തെ സാമ്പത്തികമായ അധിക ചെലവുകളെ അതിജീവിച്ചുകൊണ്ട് സാമ്പത്തികമായി നല്ല നിലയിൽ നിർത്തിക്കൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. ഞാൻ അധികം ദീർഘമായി മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ എം.എൽ.എ.-മാർ അവരുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളൊക്കെ പരമാവധി ശ്രദ്ധിച്ചുതന്നെ ഈ ഗവൺമെന്റ് മുന്നോട്ടുപോകും. ഇന്ന് കാർഷിക മേഖല ഏറ്റവും വലിയ ഒരു പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. ഈ ഗവൺമെന്റ് ആ പ്രതിസന്ധിയിൽ കർഷകരോടൊപ്പം നിന്നത് എങ്ങനെയാണ്; ഇവിടത്തെ പ്രതിപക്ഷത്തിനുപോലും വിമർശിക്കാൻ സാധിക്കുമോ? റബ്ബറിന്റെ വില 250 രൂപയിൽനിന്ന് 92 രൂപയായി കുറഞ്ഞപ്പോൾ കർഷകർ റബ്ബർ മരം വെട്ടുന്നത് നിർത്തി റബ്ബർമരംതന്നെ വെട്ടിക്കളയുമോ എന്നുവന്ന സാഹചര്യത്തിലാണ്

ഇവിടുത്തെ ചെറുകിട  കർഷകർക്ക് 150 രൂപ വില ഉറപ്പുനൽകുന്ന പദ്ധതി ശ്രീ. കെ. എം. മാണി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്നത്. ഇത് നടക്കില്ലെന്ന് പലരും പറഞ്ഞു. ഇന്നിപ്പോൾ അത് നടന്നുകൊണ്ടിരിക്കുകയാണ്. ഒരു കിലോ റബ്ബറിന് 58 രൂപവരെ ചെറുകിട കർഷകന് സബ്സിഡി കൊടുത്തിട്ടുണ്ട്. ഇന്നുവരെ കേരളത്തിലെന്നല്ല ഇന്ത്യയിലെ ഒരു സ്റ്റേറ്റിലും ഇത് ഉണ്ടായിട്ടില്ല  ഇത്രയും വലിയൊരു സ്കീം. ആ സ്കീം അടുത്ത വർഷവും തുടരും. അതിനുവേണ്ടി ഈ വർഷം 300 കോടി രൂപയായിരുന്നെങ്കിൽ അടുത്തവർഷത്തേയ്ക്ക് 500 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്.

നെൽകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നമുക്ക് നല്ലതുപോലെ അറിയാം. അവർ ചോദിച്ച തുകയാണ് ഈ ഗവൺമെന്റ് ഫിക്സ് ചെയ്ത് കൊടുത്തത്. ഒരു കിലോ നെല്ലിന് 21 ½ രൂപ. കേന്ദ്രത്തിൽ നിന്ന് കിട്ടുന്നത് 13.10 രൂപയാണ്. അവർക്ക് നെല്ല് കിട്ടും. നെല്ല് അരിയാകുമ്പോൾ അത് വിറ്റ്

അതിൽനിന്ന് കിട്ടുന്ന പൈസയാണ്. നമുക്ക് ഒരു വരുമാനവുമില്ലാതെ മുഴുവനും സബ്ഡിയായി 8.40 രൂപ ഒരു കിലോ നെല്ലിന് കൊടുക്കുകയാണ്.

നാളികേരം - നാളികേര കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നമുക്കറിയാം. പക്ഷെ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുന്നുണ്ട്. പച്ചത്തേങ്ങ കിലോയ്ക്ക് 25 രൂപവച്ച് ഇന്ന് വാങ്ങുകയാണ്. ഇവിടത്തെ എല്ലാ കൃഷിഭവനുകളിലും ഇത് വാങ്ങുന്ന സംവിധാനമുണ്ടാക്കിയിരിക്കുകയാണ്. നീരയുടെ ഉല്പാദനം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നീര ഉല്പാദനം കേരളത്തിലെ കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു തീരുമാനമാണ്. 118 കൊല്ലക്കാലത്തെ പഴക്കമുള്ള എക്സൈസ് റൂളിൽ മാറ്റംവരുത്തിയാണ് നീര ഉല്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തത്. എത്രയോ വർഷങ്ങളായി പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങളാണിത്. കർഷകന് ഒരു തെങ്ങിൽനിന്ന് ഒരു മാസം 2000 മുതൽ 3000 രൂപവരെ വരുമാനം

ലഭിക്കുന്നതാണ്. നാളികേരളത്തിൽനിന്ന് ഉണ്ടാക്കുന്ന അനുബന്ധ ഉല്പന്നങ്ങൾക്ക് പരമാവധി പ്രോത്സാഹനം കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

അടുത്തത് കാർഡമം കർഷകർ നേരിടുന്ന പ്രശ്നമാണ്. ഞാൻ ആ കർഷകരുമായി സംസാരിച്ചു. അവർ രണ്ട് ആവശ്യങ്ങൾ ഉന്നയിച്ചു. അതുരണ്ടും ഗവൺമെന്റ് സമ്മതിച്ചു. അവരുടെ സെയിൽ ടാക്സ് നിർത്തലാക്കണമന്നതായിരുന്നു അതിൽ ഒന്നാമത്തേത്. കാർഡമത്തിന്റെ വില ഇടിഞ്ഞപ്പോൾത്തന്നെ 5 ശതമാനത്തിൽനിന്ന് ടാക്സ് 2 ശതമാനമായി കുറച്ചിരുന്നു. ഇപ്പോൾ അതീവഗുരുതരമായ സാഹചര്യത്തിൽ ആ രണ്ട് ശതമാനംകൂടി ഒഴിവാക്കണമെന്ന് പറഞ്ഞു. ഇന്നത്തെ പ്രതിസന്ധി ഇങ്ങനെ നിൽക്കുന്നിടത്തോളംകാലം ആ 2 ശതമാനം ടാക്സും വേണ്ടെന്നുവച്ച് ടാക്സ് ഫ്രീയാക്കി. അവർ ഉന്നയിച്ച മറ്റൊരുകാര്യമെന്നു പറയുന്നത്, അവരുടെ ഇലക്ട്രിസിറ്റി താരിഫിന്റെ ഗ്രേഡ് കുറയ്ക്കണമെന്നും കാർഷികാവശ്യത്തിനുള്ള

നിലയിലേയ്ക്ക് കൊണ്ടുവരണമെന്നും വ്യാവസായികാവശ്യത്തിനായി അത് നിർത്തരുതെന്നുമുള്ളതാണ്. അതും അംഗീകരിച്ചു. കാർഡമം മേഖലയിലുള്ള കർഷകരും തൊഴിലാളികളും ഇപ്പോൾ സംതൃപ്തരാണ്. പ്രതിസന്ധികളിൽ ഈ ഗവൺമെന്റ് അവസരത്തിനൊത്ത് ഉയരുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്ത് എവിടെ എന്ത് പ്രശ്നമുണ്ടായാലും അതിൽ നമ്മുടെ മലയാളികൾ കാണും. അപ്പോൾ അവരുടെ രക്ഷയ്ക്കുവേണ്ടി, സുരക്ഷിതമായി അവരെ നാട്ടിൽ എത്തിക്കുന്നതിനുവേണ്ടി, അവരുടെ ജോലിയുമായും മറ്റും ബന്ധപ്പെട്ട് വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇടപെടുകയും ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. വികസന രംഗത്ത് ഈ ഗവൺമെന്റിന്റെ മുഖമുദ്ര വികസനവും കരുതലുമാണ്. ഇതുരണ്ടും ഒരുപോലെ കാത്തുകൊണ്ട് നമ്മൾ മുന്നോട്ടുകൊണ്ടുപോകുകാണ്. ഈ ബഡ്ജറ്റ് വന്നപ്പോഴും ഒരു നേതാവ് പറഞ്ഞു 10 ശതമാനം പോലും നടക്കില്ലെന്ന്. ഇതുവരെ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ എത്ര ശതമാനം നടന്നുവെന്ന് നോക്കിയാൽ മതി. ഇതുവരെ പറഞ്ഞിട്ടുള്ള

കാര്യങ്ങളെല്ലാം നടന്നിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞു; 400 ദിവസംകൊണ്ട് 100 പാലം കേരളത്തിൽ പൂർത്തിയാക്കിയത് ഒരു അത്ഭുതമല്ലേ? കൊച്ചി മെട്രോയുടെ ടെസ്റ്റ് റൺ കഴിഞ്ഞു. ട്രയൽ റൺ ഈ മാസം അവസാനം നടക്കുകയാണ്. കണ്ണൂർ എയർപോർട്ട് റൺവേയുടെ പണി പൂർത്തിയായി. ടെർമിനലിന്റെ പണി പുരോഗമിച്ച് അവസാനഘട്ടത്തിലേയ്ക്ക് എത്തുന്നു. ഇപ്പോൾ കേന്ദ്രഗവൺമെന്റ് വിമാനം ഇറങ്ങാനുള്ള അനുമതി നൽകിയതിനാൽ 29-ാം തീയതി അവിടത്തെ എയർപോർട്ടിൽ വിമാനമിറക്കാനിരിക്കുകയാണ്. 20-ാം തീയതി സ്മാർട്ട് സിറ്റിയുടെ ആദ്യത്തെ സ്റ്റേജ് ഉദ്ഘാടനം ചെയ്യുകയാണ്.

ഐ.ടി., ഈ ഗവൺമെന്റ് അധികാരത്തിൽ വന്നസമയത്ത് 3000 കോടി രൂപയുടെ എക്സ്പോർട്ട് ആയിരുന്നുവെങ്കിൽ ഇപ്പോൾ അത് 16000-ത്തോളം കോടി രൂപയിൽ എത്തിയിരിക്കുകയാണ്. എന്നാൽ നമുക്കിത് പോരാ. നമ്മൾ അർഹിക്കുന്നത് ഇതിലും കൂടുതലാണ്. അതിനുവേണ്ടിയിട്ടാണ് ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടിയും വ്യവസായ ഐ.റ്റി. ഡിപ്പാർട്ടുമെന്റും ഇന്ന് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഡിജിറ്റൽ കേരളയായി പ്രഖ്യാപിക്കാൻ പോവുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം ആയിരം ദിവസമെന്നുള്ള ഒരു ടാർജറ്റ് വച്ചുകൊണ്ട് അവിടെ കൗണ്ട് ഡൗൺ അനുസരിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. വിഴിഞ്ഞത്തിനുവേണ്ടി നമ്മൾ വളരെക്കാലം കാത്തിരിക്കേണ്ടിവന്നു. പക്ഷേ നിർമ്മാണം തുടങ്ങിയതിനുശേഷം ഇനി നമുക്ക് കാത്തിരിപ്പ് ആവശ്യമില്ല. 1000 ദിവസമാകുമ്പോൾ വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യും. ഇന്ത്യയ്ക്കുതന്നെ അഭിമാനകരമായ ഒരു ചടങ്ങ്. ഇതൊക്കെ ഗവൺമെന്റ് ചെയ്യുന്നത് എല്ലാവരുടേയും സഹകരണവും പിന്തുണയും ഉള്ളതുകൊണ്ടാണ്. ഇതൊക്കെ ചിലർക്ക് സഹിക്കാൻ കഴിയുന്നില്ല. അവരും ഇതിന്റെകൂടെ സഹകരിക്കേണ്ടവരാണ്, അവർക്കുംകൂടി അവകാശപ്പെട്ടതാണെന്ന് മനസ്സിലാക്കി ഒന്നിച്ചുനിന്ന് പ്രവർത്തിക്കേണ്ടവരാണ്. നിശ്ചയമായും

ആർക്കെങ്കിലും അവരെ മാറ്റിനിർത്താൻ കഴിയുമോ? പക്ഷെ അവർ മാറിനിൽക്കുന്നതാണ് ആക്ഷേപമെന്ന് പറയുന്നത്. 'വികസനവും കരുതലും' - ഈ ബഡ്ജറ്റിൽ അതുമായി ബന്ധപ്പെട്ട കുറച്ചധികം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ഏതെങ്കിലും ലക്ഷ്യം കണ്ടുകൊണ്ടല്ല. തെരഞ്ഞെടുപ്പുവന്നപ്പോൾ പറയുന്നതാണോ എന്ന് ചിലർ ചോദിക്കും. കഴിഞ്ഞ 5 വർഷത്തെ യു.ഡി.എഫിന്റെ ബഡ്ജറ്റുകൾ പരിശോധിക്കണം, മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റ് ഉണ്ടല്ലോ; 5 വർഷത്തെ ബഡ്ജറ്റ് നോക്കിയാൽ അതിൽ കാരുണ്യസ്പർശമില്ലാത്ത ഒരു ബഡ്ജറ്റെങ്കിലുമുണ്ടോ? 5 വർഷവും ഒരേ മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്.

ജനസമ്പർക്ക പരിപാടിയിൽവന്ന് ഏതെങ്കിലും ഒരു ആനുകൂല്യം ലഭിച്ചവരല്ല ഈ ജനസമ്പർക്കപരിപാടിയിലെ ഗുണഭോക്താവ്. യഥാർത്ഥ ഗുണഭോക്താവ് ഞാനാണ് എന്ന് ഞാൻ പലയിടത്തും പറഞ്ഞിട്ടുണ്ട്. അത് എനിക്ക് അതിൽനിന്ന് കിട്ടിയ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്.

അവിടെനിന്ന് കിട്ടിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പല കാര്യങ്ങളിലും ഈ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുള്ളതും ബഡ്ജറ്റിൽ വന്നിട്ടുള്ളതുമെല്ലാം. കാരണം നമ്മൾ അറിയാത്ത ധാരാളം ദുഃഖങ്ങൾ/ മാനുഷിക പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. അത് കണ്ടില്ലെന്ന് നടിക്കാനോ അറിഞ്ഞിട്ടില്ലെന്ന് പറയാനോ സാധിക്കില്ല. അത് ചെയ്യേണ്ടത് സമൂഹത്തിന്റെ കടമയാണ്, ഗവൺമെന്റിന്റെ കടമയാണ്. അതുകൊണ്ടാണ് ഇത്തരത്തിലുള്ള കാര്യങ്ങളെസംബന്ധിച്ച് തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോയിട്ടുള്ളത്. ഇന്നത്തെ ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന 2-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,52,19,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന 3- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,19,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന 5- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,00,00,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന 21 - ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,62,46,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന 6- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന 11-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,30,62,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന 26- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,45,00,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന 8- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,96,60,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന 33- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 157,60,51,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന 40- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 150,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന 12- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 67,29,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന 13- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,66,50,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന 14 - ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന 29- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200,28,75,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……………………….

പ്രതികൂലിക്കുന്നവർ……………………..

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന 31- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,31,00,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……………………….

പ്രതികൂലിക്കുന്നവർ……………………..

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന 15- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1163,02,05,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……………………….

പ്രതികൂലിക്കുന്നവർ……………………..

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന 17- ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ 276,89,43,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന 18- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 31,74,95,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന 20- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന 38- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,20,04,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ………………………

പ്രതികൂലിക്കുന്നവർ………………………

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന 22- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,99,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ………………………

പ്രതികൂലിക്കുന്നവർ………………………

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന 24- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 75,60,83,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ………………………

പ്രതികൂലിക്കുന്നവർ………………………

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന 25- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 111,86,92,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……………………….

പ്രതികൂലിക്കുന്നവർ……………………….

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന 27- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,00,00,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……………………….

പ്രതികൂലിക്കുന്നവർ……………………….

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന 30- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 441,07,18,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……………………….

പ്രതികൂലിക്കുന്നവർ……………………….

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന 34- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന 41- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 47,28,23,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന 35- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 110,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന 36- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 526,18,38,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന 37- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 138,13,09,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുതപദ്ധതികൾ എന്ന 39- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,84,18,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,30,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 67,51,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,35,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X - ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ……......................

പ്രതികൂലിക്കുന്നവർ ……......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1533,17,68,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,62,49,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,15,64,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1318,30,89,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.